VOL NO: 09
ISSUE 22
2025 MAY 31
₹10

# നേർപഥം

വാരിക
www.nerpatham.com I mail@nerpatham.com

മനുഷ്യ ജീവന് വില കൽപിക്കുക



# കൊണ്ടോട്ടിയിലെ ശിയാ ഉത്സവം പുനരാനയിക്കപ്പെടുമ്പോൾ

ശിയാഇസത്തോട് പ്രത്യക്ഷത്തിൽ കലഹിച്ചും തിരശ്ശീലക്ക് പിറകിൽ രഹസ്യബാന്ധവം തുടർന്നും ആദർശരംഗത്ത് പടുകുഴിയിലേക്ക് ആപതിച്ചിരിക്കുകയാണ് കേരളത്തിലെ സമസ്ത. നാഗ്പൂർ സ്വദേശിയായ ശിയാ ആചാര്യൻ മുഹമ്മദ് ഷായുടെ കാർമികത്വത്തിൽ സ്ഥാപിച്ച കൊണ്ടോട്ടിയിലെ മതവാണിഭ കേന്ദ്രവും അതോടനുബന്ധിച്ച അനാചാരങ്ങളും വിമർശിക്കപ്പെടുന്നത് ഈയൊരു പരിപ്രേക്ഷ്യത്തിലാണ്.

**വർഗീയവാദികളെ തിരിച്ചറിയുക**

**സിഹ്ർ; ഇസ്‌ലാം നൽകുന്ന മുന്നറിയിപ്പുകൾ**

**ഹജ്ജ്: മാനവ സമത്വം വിളംബരം ചെയ്യുന്ന ആരാധന**


ഹജ്ജ്, ഉംറ എന്നിവയുടെ രൂപം
ലളിതമായി ചിത്ര സഹിതം
Zameel ആപ്പിൽ ലഭ്യമാണ്..!
ഉംറയുടെ രൂപം
zameel
the soulmate
Reading Time: 4 mins
ഉംറയുടെ രൂപം
THE KA'ABA
ഉംറയുടെ റുകുനുകൾ
ഇഹ്റാം
വാജിബുകൾ
zameel
the soulmate
Download Zameel
Available on the
App Store
GET IT ON
Google Play

436

# നേർപഥം

വാരിക

2025 മെയ് 31
1446 ദുൽഖഅദ് 29
പുസ്തകം 09 / ലക്കം 22







Managing Editor:
**Nasir Balusseri**
Editor:
**Usman Palakkazhi**
Chief Editor:
**Anil Primrose**

Cover:
**Anil**
Design & Layout:
**Musthafa Mannarottil**
Web Editor:
**Haseeb Elayur**

Printed, published & owned by:
**K. Sajjad**
Printed at :
**Sprint Offset Printers, Kozhikode**
Published at :
**Kozhikode - 673 002**



മൂസ സ്വലാഹി കാര

ശിയാഇസത്തോട് പ്രത്യക്ഷത്തിൽ കലഹിച്ചും തിരശ്ശീലക്ക് പിറകിൽ രഹസ്യബാന്ധവം തുടർന്നും ആദർശരംഗത്ത് പടുകുഴിയിലേക്ക് ആപതിച്ചിരിക്കുകയാണ് കേരളത്തിലെ സമസ്ത. നാഗ്പൂർ സ്വദേശിയായ ശിയാ ആചാര്യൻ മുഹമ്മദ് ഷായുടെ കാർമികത്വത്തിൽ സ്ഥാപിച്ച കൊണ്ടോട്ടിയിലെ മതവാണിഭ കേന്ദ്രവും അതോടനുബന്ധിച്ച അനാചാരങ്ങളും വിമർശിക്കപ്പെടുന്നത് ഈയൊരു പരിപ്രേക്ഷ്യത്തിലാണ്.

**05** മുഖമൊഴി
മനുഷ്യ ജീവന് വില കൽപിക്കുക

**06** ലേഖനം
സിഹ്ർ; ഇസ്‌ലാം നൽകുന്ന മുന്നറിയിപ്പുകൾ
അൻവർ അബൂബക്കർ

**17** നമുക്കുചുറ്റും
വർഗീയവാദികളെ തിരിച്ചറിയുക
നസീമ വാടാനപ്പള്ളി

**18** ലേഖനം
ഹജ്ജ്: മാനവ സമത്വം വിളംബരം ചെയ്യുന്ന ആരാധന
സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി

**24** ലേഖനം
ഭരമേൽപിക്കുന്നതിലെ ശിർക്ക്
ഉസ്മാൻ പാലക്കാഴി

**26** കർമപഥം
അനന്തരാവകാശ നിയമങ്ങൾ
വിവ: അബ്ദുൽ ജബ്ബാർ മദീനി

**30** കാഴ്ച
അകക്കണ്ണു തുറപ്പിച്ച 'സൊല്യൂഷൻ'
നിയാല ബിൻത് സുബൈർ

**31** ക്വുർആൻ ദർശനം -തഫ്സീറുസ്സഅ്ദി
സൂറതുലുക്വ്മാൻ
അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം

**34** കവിത
ഇതോ പരിഷ്‌ക്കാരം?
ശാനിദ ബിൻത് അഹ്മദ് ഈങ്ങാപ്പുഴ



NERPATHAM WEEKLY, PB No: 597, EKP Complex, Kallai Road, Kozhikkode 2, Kerala, India
Ph: 0495 4019437 | Mob: +91 92079 65244 | mail@nerpatham.com | www.nerpatham.com
Facebook: www.facebook.com/nerpatham weekly

# നാസ്തികതയും മതനിരാസവും സാമൂഹിക ദുരന്തം: വിസ്ഡം ഡയലോഗ്

നാദാപുരം: ലഹരിയും അരാചകത്വവും അധാർമികതയും കൊണ്ട് സമൂഹം നേരിടുന്ന വെല്ലുവിളിക്ക് ദാർശനിക പിന്തുണ നൽകുന്നത് മതനിരാസവും നവനാസ്തികതയുമാണെന്ന് വിസ്ഡം ഇസ്‌ലാമിക് യൂത്ത് ഓർഗനൈസേഷൻ സംസ്ഥാന സമിതി നാദാപുരത്ത് സംഘടിപ്പിച്ച ഓപൺ ഡയലോഗ് അഭിപ്രായപ്പെട്ടു.

സാമ്രാജ്യത്വം പടച്ചുവിടുന്ന സാംസ്കാരിക മാലിന്യങ്ങളെ ആദർശമായി സ്വീകരിച്ച നവനാസ്തികത ഒരു സാമൂഹിക ദുരന്തമാണ്. സ്ത്രീ സ്വത്വത്തെ നിരാകരിച്ച് അവരുടെ അവകാശങ്ങളെ ധ്വംസിക്കുന്ന ഫെമിനിസത്തിനെതിരെ ലോകം തിരിഞ്ഞു തുടങ്ങിയത് ആശാവഹമാണ്. പ്രകൃതിയെ ദുർവ്യാഖ്യാനിച്ച് വർണവെറിയെ ന്യായീകരിക്കുന്ന നാസ്തികത മാനവവിരുദ്ധമാണ്. ഫാഷിസത്തിന്റെ തീവ്രദേശീയതയെ പിന്തുണക്കുന്ന നാസ്തികത സവർണ രാഷ്ട്രീയത്തിന് പാദസേവ ചെയ്യുകയാണ്.

കല്ലാച്ചി ഓത്തിയിൽ കൺവെൻഷൻ സെന്ററിൽ നടന്ന പരിപാടി വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജനറൽ സെക്രട്ടറി ടി.കെ.അശ്റഫ് ഉദ്ഘാടനം ചെയ്തു. വിസ്ഡം ജില്ല പ്രസിഡന്റ് ടി.പി. അബ്ദുൽ അസീസ് അധ്യക്ഷത വഹിച്ചു. വിസ്ഡം പണ്ഡിതസഭ സെക്രട്ടറി ശമീർ മദീനി, വിസ്ഡം യൂത്ത് സംസ്ഥാന പ്രസിഡന്റ് കെ.താജുദ്ദീൻ സ്വലാഹി, ജനറൽ സെക്രട്ടറി ടി.കെ. നിഷാദ് സലഫി തുടങ്ങിയവർ വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു.

വിസ്ഡം വിദ്യാഭ്യാസബോർഡ് അഞ്ച്, എട്ട് ക്ലാസുകളിൽ നടത്തിയ പൊതുപരീക്ഷയിൽ സംസ്ഥാനതലത്തിൽ രണ്ട്, മൂന്ന് റാങ്കുകൾ കരസ്ഥമാക്കിയ ഫലാഹ് അബ്ദുല്ല, ആയിഷ അമാൻ എന്നിവർക്കും ജില്ലയിൽ ഉന്നതവിജയം കരസ്ഥമാക്കിയവർക്കും കോഴിക്കോട് ജില്ല കമ്മിറ്റി ഏർപ്പെടുത്തിയ അവാർഡുകൾ വിസ്ഡം സംസ്ഥാന വിദ്യാഭ്യാസ ബോർഡ് സെക്രട്ടറി നാസിർ ബാലുശ്ശേരി വിതരണം ചെയ്തു. വിസ്ഡം ജില്ല വിദ്യാഭ്യാസ വകുപ്പ് കൺവീനർ കെ. അബ്ദുന്നാസിർ മദനി, വിസ്ഡം യൂത്ത് ജില്ല പ്രസിഡന്റ് സാജിദ് ബിസ്മി, സെക്രട്ടറി എം.കെ. ശമീർ, ടി.എൻ ഷക്കീർ സലഫി, വി.കെ. ഉനൈസ് സ്വലാഹി, സി.പി സജീർ എന്നിവർ സംസാരിച്ചു

# എടത്തനാട്ടുകര ദാറുൽ ക്വുർആൻ വാർഷികം സമാപിച്ചു

എടത്തനാട്ടുകര: വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ എടത്തനാട്ടുകര മണ്ഡലം കമ്മിറ്റിക്കു കീഴിൽ പ്രവർത്തിക്കുന്ന ദാറുൽ ക്വുർആൻ വാർഷിക സമ്മേളനം സമാപിച്ചു. ദാറുൽ ക്വുർആൻ ഹിഫ്ള് കോളേജ്, അൽഹിക്മ അറബിക് കോളേജ്, അൽഹിക്മ സലഫി മദ്റസ, അൽഹിക്മ പ്രീ സ്കൂൾ, സ്കൂൾ ഓഫ് ക്വുർആൻ എന്നീ സ്ഥാപനങ്ങളുടെ വാർഷികം മെയ് 17, 18 തീയതികളിലാണ് നടന്നത്.

വിസ്ഡം എടത്തനാട്ടുകര മണ്ഡലം പ്രസിഡന്റ് ഹംസ മാടശ്ശേരി ഉദ്ഘാടനം ചെയ്തു. അൽഹിക്മ അറബിക് കോളേജ് പ്രിൻസിപ്പൽ റിഷാദ് അൽഹികമി അധ്യക്ഷത വഹിച്ചു. സാദിഖ് ബിൻ സലീം, ഉണ്ണീൻ ബാപ്പു, സ്വലാഹുദ്ദീൻ ബിൻ സലീം, ശരീഫ് കാര, എം. അഹമ്മദ് ഹിദായത്തുല്ല. ഒ.പി. ഷാജഹാൻ, എം. അബ്ദുൽ സലാം, മുഹമ്മദ് ശഫീഖ് അൽഹികമി അന്നദീരി, മൻഷൂഖ് റഹ്മാൻ അൽഅസ്ഹരി, ടി.പി. നിഷാദ്, അബ്ദുല്ല വസീം കാവനൂർ, വി.ടി ഷമീർ, വി.കെ. ഉമർ മിശ്കാത്തി, ഉമർ പൂളക്കൽ, ഇജാസ് മണ്ണാർക്കാട് എന്നിവർ സംസാരിച്ചു.

സമാപന പൊതുസമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ.അബ്ദുലത്വീഫ് മദനി ഉദ്ഘാടനം ചെയ്തു. ജില്ല പ്രസിഡന്റ് പി.ഹംസക്കുട്ടി സലഫി അധ്യക്ഷത വഹിച്ചു. എൻ.ഷംസുദ്ദീൻ എംഎൽഎ മുഖ്യാതിഥിയായി. ഹുസൈൻ സലഫി മുഖ്യ പ്രഭാഷണം നടത്തി. ഹാരിസ് ബിൻ സലീം, താജുദ്ദീൻ സ്വലാഹി, ടി.കെ.അഷ്റഫ് തുടങ്ങിയവർ വിവിധവിഷയങ്ങളിൽ പ്രഭാഷണം നടത്തി.

ബ്ലോക്ക് പഞ്ചായത്തംഗം പി. ഷാനവാസ്, വിസ്ഡം പാലക്കാട് ജില്ല സെക്രട്ടറി റഷീദ് കൊടക്കാട്ട്, അബ്ദുൽ ഹമീദ് ഇരിങ്ങൽത്തൊടി, സാദിഖ് ബിൻ സലീം, എം.കെ.സുധീർ ഉമ്മർ, എൻ.ശഫീഖ് പടിക്കപ്പാടം, ബിൻഷാദ് വെള്ളേങ്ങര, ശരീഫ് കാര, ഒ. മുഹമ്മദ് അൻവർ എന്നിവർ സംസാരിച്ചു.

# മനുഷ്യ ജീവന് വില കൽപിക്കുക

ഈയിടെയായി കാടിറങ്ങിവരുന്ന വന്യമൃഗങ്ങളുടെ ശല്യം ക്രമാതീതമായി വർധിച്ചിരിക്കുന്നു. ആനയുടെയും കടുവയുടെയും പന്നിയുടെയുമൊക്കെ ആക്രമണത്തിൽ ആളുകൾ കൊല്ലപ്പെട്ടുകൊണ്ടിരിക്കുന്നു. വിളകൾ നശിപ്പിക്കുന്നതിനെക്കുറിച്ച് പറയുകയും വേണ്ട. അത്രമാത്രം കർഷകർ പ്രയാസത്തിലാണ്. ചെറുതും വലുതുമായ വിളനിലങ്ങൾ ആനകളും പന്നികളും പാടെ നശിപ്പിക്കുമ്പോൾ പൊലിയുന്നത് കർഷകരുടെ സ്വപ്നങ്ങളാണ്. അവർ കടക്കെണിയിൽ ആപതിക്കുകയാണ്.

മനുഷ്യാവകാശത്തെക്കാൾ മൃഗാവകാശത്തിന് പ്രാധാന്യം നൽകുന്ന നിയമത്തിൽ മാറ്റം വരുത്തേണ്ടതുണ്ട്. ഒരു മനുഷ്യനെ കൊന്നാൽ കൊലപാതകിക്ക് ജാമ്യം കിട്ടാൻ നമ്മുടെ നാട്ടിൽ വലിയ പ്രയാസമില്ല. വാഹനമിടിച്ച് ഒന്നല്ല അതിലേറെ മനുഷ്യർ മരണപ്പെട്ടാലും മനഃപൂർമല്ലാത്ത നരഹത്യക്കാണ് കേസെടുക്കുക. ജാമ്യം കിട്ടുകയും ചെയ്യും. എന്നാൽ ഒരു വന്യജീവി വാഹനത്തിനു മുന്നിലേക്കു ചാടിവീണതിനാൽ ചത്താൽ പോലും പെട്ടെന്നൊന്നും ജാമ്യം കിട്ടാത്തവിധം വാഹനം ഓടിച്ചയാൾ കേസിലകപ്പെടുന്നു.

വന്യജീവികൾ വൈരാഗ്യബുദ്ധിയോടെയൊന്നുമല്ല ജനങ്ങളുടെ ജീവനെടുക്കുന്നതെന്ന് നമുക്കറിയാം. മൃഗങ്ങൾ മനുഷ്യരെയും പ്രതികാരമെന്നോണം മനുഷ്യർ മൃഗങ്ങളെയും കൊല്ലാൻ ഇടയാകുന്ന സാഹചര്യം എങ്ങനെയുണ്ടാകുന്നു എന്ന് പരിശോധിക്കണം. ആ സാഹചര്യമില്ലാതാക്കാനാണ് ശ്രമിക്കേണ്ടത്. പുനരധിവാസത്തിന്റെ ഭാഗമായി വനമേഖലയിലും വനഭൂമിയിലും ജനങ്ങളെ മാറ്റി പാർപ്പിച്ചപ്പോൾ ഭാവിയിലുണ്ടാകാവുന്ന ഭവിഷ്യത്തുക്കളെകുറിച്ച് ഭരണകർത്താക്കൾ ചിന്തിച്ചില്ല. കൃഷിയെ ജീവിതോപാധിയായി കണ്ട് കുന്നിലും മലയിലും വിയർപ്പൊഴുക്കി കുടിയേറ്റക്കാർ ജീവിതം പച്ചപിടിപ്പിക്കാൻ ശ്രമിച്ചപ്പോഴും പിന്നീട് അവിടെ സംഭവിക്കാൻ സാധ്യതയുള്ള അപകടങ്ങളെക്കുറിച്ച് ഭരണകർത്താക്കൾ അലോചിച്ചില്ല.

2023ലെ ‘ഇക്കണോമിക് റിവ്യൂ’ പ്രകാരം കേരളത്തിൽ 2022-23-ൽ 8873 മനുഷ്യ-വന്യജീവി സംഘർഷങ്ങൾ ഉണ്ടായിട്ടുണ്ട്. അതിൽ 98 പേർ കൊല്ലപ്പെട്ടു. 48 പേർ പാമ്പുകടിയേറ്റും 27 പേർ ആനയുടെ ആക്രമണത്തിലും 7 പേർ കാട്ടുപന്നി ആക്രമണത്തിലും ഓരോരുത്തർ കാട്ടുപോത്തിന്റെയും കടുവയുടെയും ആക്രമണത്തിലും 14 പേർ മറ്റു മൃഗങ്ങളുടെ ആക്രമണത്തിലുമാണ് മരിച്ചത്. ആക്രമണ ത്തിൽ 1275 പേർക്ക് പരിക്കേറ്റു; 637 കന്നുകാലികൾക്ക് ജീവാപായം ഉണ്ടായി. 24-25ലെ കണക്ക് വന്നാലറിയാം എത്രമാത്രം വർധനവുണ്ടായി എന്ന്.

കാട്ടാന, കാട്ടുപന്നി, കടുവ തുടങ്ങിയ വന്യമൃഗങ്ങളുടെ ആക്രമണവും ശല്യവുമൊക്കെ കേരളത്തിൽ സ്ഥിരം പ്രശ്നങ്ങളായി മാറിയിരിക്കുന്നു. വർധിച്ചുവരുന്ന വന്യജീവി സംഘർഷം സാധാരണ മനുഷ്യർക്കും അവരുടെ കൃഷിയിടങ്ങൾക്കും ജീവനോപാധികൾക്കും മുമ്പെങ്ങുമില്ലാത്ത വിധം വൻഭീഷണിയാണ് സൃഷ്ടിക്കുന്നത്. കാടിനോട് ചേർന്നുള്ള പ്രദേശങ്ങളിലെ കർഷകരൊക്കെ പേടിച്ചാണ് കഴിയുന്നത്. അതിരാവിലെ റബർ വെട്ടാൻ പോകുന്നവരും പുല്ല് ചെത്താൻ പോകുന്നവരുമൊക്കെ ഭീതിയിൽതന്നെ. നാട്ടിൽ പെറ്റുപെരുകുന്ന കാട്ടുപന്നിയുണ്ടാക്കുന്ന പൊല്ലാപ്പുകൾ വേറെ. വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിലും സംസ്ഥാനത്തിന്റെ കിഴക്കൻ മലയോരപ്രദേശങ്ങളിലുമാണ് സംഘർഷം കൂടുതൽ. പകൽപോലും കാട്ടാനയും കടുവയുമൊക്കെ നാട്ടിലിറങ്ങുന്നത് ജനങ്ങളെ ഭീതിയിലാക്കിയിട്ടുണ്ട്.

മനുഷ്യജീവന് മൃഗങ്ങളുടെ ജീവനെക്കാൾ വിലകൽപിച്ചുകൊണ്ട് വന്യജീവികളുടെ ഉപദ്രവം തടയാനുള്ള മാർഗങ്ങളാണ് ഭരണകർത്താക്കൾ ആസൂത്രണം ചെയ്യേണ്ടത്. ■



ലേഖനം ✍

അൻവർ അബൂബക്കർ

# സിഹ്ർ; ഇസ്‌ലാം നൽകുന്ന മുന്നറിയിപ്പുകൾ

ബാബിലോണിലേക്ക് ഇറക്കപ്പെട്ട രണ്ട് മലക്കുകൾ ജനങ്ങൾക്ക് സിഹ്ർ പഠിപ്പിക്കുമ്പോൾ അവർ നൽകിയ മുന്നറിയിപ്പ് എന്തായിരുന്നു എന്ന് അല്ലാഹു വ്യക്തമാക്കുന്നു:

"ഞങ്ങൾ ഒരു പരീക്ഷണം മാത്രമാണ്, അതിനാൽ നീ അവിശ്വസിച്ചു പോകരുത്' എന്ന് പറയാതെ ഒരാൾക്കും അവർ രണ്ടാളും പഠിപ്പിച്ചിരുന്നതുമില്ല" (അൽബക്വറ 102).

മലക്കുകൾ ഇസ്‌റാഈൽ സന്തതികളോട് ഈ മുന്നറിയിപ്പ് നൽകിയത് ഒരേയൊരു കാരണത്തിനാലാണ്; സിഹ്‌റിന്റെ പഠനവും പ്രയോഗവും മനുഷ്യനെ ദൈവനിഷേധത്തിലേക്ക് നയിക്കുന്നു എന്നതാണത്. അതുകൊണ്ടുതന്നെ ഈ വിഷയത്തെക്കുറിച്ചുള്ള ഇസ്‌ലാമിന്റെ താക്കീതുകൾ അത്യന്തം ഗൗരവത്തോടെയാണ് മനസ്സിലാക്കേണ്ടത്. മുഹമ്മദ് നബി(സ്വ) ഈ വിഷയത്തിൽ നമ്മെ അതീവ സൂക്ഷ്മതയോടെ ഉപദേശിച്ചിട്ടുണ്ട്. അല്ലാഹുവിനെ ധിക്കരിക്കുകയും പിശാചുക്കളെ പ്രീതിപ്പെടുത്തുകയും ചെയ്യുന്ന പ്രവൃത്തികളാണ് സിഹ്‌റിന് പിന്നിലുള്ളത്. ഈ പ്രവൃത്തി ഒരിക്കലും ഒരു വിശ്വാസിയുടെ ഭാഗത്തുനിന്ന് സംഭവിക്കേണ്ടതല്ല. ഭാവി അറിയാനും പ്രശ്നങ്ങൾക്ക് പരിഹാരമെടുക്കാനുമെന്ന പേരിൽ മാരണവിദ്യ അഭ്യസിച്ചവരുടെ അടുക്കൽ പോകുന്നവരുടെ എണ്ണം ഇന്ന് എത്രയാണ്!

മുഹമ്മദ് നബി(സ്വ) പറഞ്ഞു: "ആരെങ്കിലും അല്ലാഹുവിനെ സ്മരിക്കാനുപയോഗപ്പെടുന്ന വല്ല കാര്യത്തിനും വേണ്ടിയല്ലാതെ ജ്യോതി

ശാസ്ത്രത്തിൽനിന്നും വല്ലതും സ്വീകരിച്ചാൽ, ആ വ്യക്തി ഒരു വക സിഹ്റാണ് പകർത്തിയത്. ജോത്സ്യൻ പ്രശ്നം വെക്കുന്നവനാണ് (കാഹിനാണ്). പ്രശ്നം വെക്കുന്നവൻ (കാഹിൻ) മാരണക്കാരനാണ് (സാഹിറാണ്). മാരണക്കാരൻ (സാഹിർ) സത്യനിഷേധിയാണ് (കാഫിറാണ്)'' (അഹ്മദ്, അബൂദാവൂദ്, ഇബ്നുമാജ. ഇതിന്റെ പരമ്പര സ്വഹീഹാണെന്ന് അൽബാനി സ്ഥിരീകരിച്ചു-സിൽസിലത്തുസ്വഹീഹ 793).

ഇത്രയുംകൂടി നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ജ്യോതിഷത്തിൽനിന്നും ഒരു അറിവ് അഭ്യസിച്ചാൽ, അവൻ സിഹ്റിൽനിന്നും ഒരു ഭാഗമാണ് അഭ്യസിച്ചെടുക്കുന്നത്; അവൻ അത് കൂടുതൽ പഠിക്കുന്നതനുസരിച്ച് അതിന്റെ പാപവും വർധിക്കുന്നതാണ്'' (അബൂദാവൂദ്. അൽബാനി ഹസനാണെന്ന് സ്ഥിരീകരിച്ചത്).

അദൃശ്യജ്ഞാനവുമായി (ഗൈബിയായ കാര്യങ്ങളുമായി) ബന്ധപ്പെട്ട് സംസാരിക്കുന്നതും, കളങ്ങളോ കരുക്കളോ പോലുള്ള കാര്യങ്ങൾ ഉപയോഗിച്ച് പ്രശ്നങ്ങൾ നോക്കുന്നതും, അത്തരം സാഹിറുകളെ സമീപിക്കുകയും അവർ പറയുന്നതിൽ വിശ്വാസം വെക്കുകയും ചെയ്യുന്നത് ഇസ്‌ലാമിൽ അത്യന്തം വലിയ തിന്മകളിൽ ഒന്നായി കണക്കാക്കപ്പെടുന്നു. മുഹമ്മദ് അമാനി മൗലവി(റഹി) എഴുതി: "മറഞ്ഞ കാര്യത്തെ(ഗൈബ്)പ്പറ്റി അത് ഭൂതമോ ഭാവിയോ വർത്തമാനമോ ആകട്ടെ, സംസാരിക്കുകയും, എന്തെങ്കിലു കളങ്ങളോ കരുക്കളോ മറ്റോ ഉപയോഗിച്ച് പ്രശ്നം നോക്കുകയും ചെയ്യുന്ന എല്ലാവരും ഈ ഹദീസിൽ ഉപയോഗിച്ചിട്ടുള്ളതും 'ജ്യോത്സ്യൻ' എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ളതുമായ 'അർറാഫ്' എന്ന പദത്തിന്റെ അർഥപരിധിയിൽ ഉൾപ്പെടുന്നു. അവരുടെ സൂത്രത്തിന് കണക്കുനോക്കൽ, മഷിനോട്ടം, ഇസ്മിന്റെ പണി, മന്ത്രവാദം എന്നിങ്ങനെ എന്തു പേരു പറഞ്ഞാലും ശരി'' (ഇസ്‌ലാമിക ജീവിതം, പേജ് 428).

മുഹമ്മദ് നബി(സ്വ) പറഞ്ഞു: "ആരെങ്കിലും ഒരു ജ്യോത്സ്യന്റെ അടുക്കൽ ചെന്ന് അയാളോട് വല്ലതിനെക്കുറിച്ചും ചോദിക്കുകയും എന്നിട്ട് അയാൾ പറഞ്ഞത് വിശ്വസിക്കുകയും ചെയ്താൽ, അവന്റെ നാൽപത് ദിവസത്തെ നമസ്കാരം സ്വീകരിക്കപ്പെടുന്നതല്ല'' (മുസ്‌ലിം).

ഇസ്‌ലാമിൽ ഒരാളുടെ ആന്തരിക വിശ്വാസവും അതിന്റെ പ്രകാശനമായ ബാഹ്യപ്രവൃത്തികളും തമ്മിലുള്ള സമന്വയം അത്യന്തം പ്രധാനപ്പെട്ടതാണ്. ഒരു വിശ്വാസി, ജ്യോത്സ്യവിദ്യയെ ആശ്രയിച്ചുകൊണ്ട് അത് ചോദിച്ചറിയാൻ മാത്രമായിട്ടാണെങ്കിലും അതിൽ ശ്രദ്ധ സ്ഥാപിക്കുന്നത്, അല്ലാഹുവിലുള്ള അവന്റെ വിശ്വാസത്തെ നേരിട്ട് തകർക്കുന്നതിലേക്ക് എത്തിക്കുന്നതാണ്. ഈ ചെയ്ത വലിയ തെറ്റിന്റെ ഫലമായി, നമസ്കാരമെന്ന സുപ്രധാനമായ ആരാധന അവനിൽനിന്നും അല്ലാഹു സ്വീകരിക്കാതിരിക്കുമെന്നാണ് നബി(സ്വ) മുന്നറിയിപ്പ് നൽകുന്നത്. ഇങ്ങനെ, വ്യക്തിയുടെ അടിസ്ഥാന വിശ്വാസത്തെയും ആരാധനകളുടെ ഫലത്തെയും തകർത്ത് കളയുന്ന പ്രവൃത്തികളാണ് ജ്യോത്സ്യവിദ്യയിലേക്കുള്ള എത്തിനോട്ടത്തിന്റെ പരിണതഫലം. അതുകൊണ്ടുതന്നെ ഒരു വിശ്വാസി അതിന്റെ സമീപത്തേക്കു പോലും പോകരുതെന്നാണ് പ്രവാചക അധ്യാപനം സൂചിപ്പിക്കുന്നത്.

ആയിശ(റ) നിവേദനം: "ചിലയാളുകൾ നബി(സ്വ)യോട് പ്രശ്നം നോക്കുന്നവരെ കുറിച്ച് ചോദിച്ചു. അന്നേരം അവിടുന്ന് പറഞ്ഞു: 'അവർ ഒന്നുമല്ല.' അവർ പറഞ്ഞു: 'അല്ലാഹുവിന്റെ പ്രവാചകരേ, ചിലയവസരങ്ങളിൽ അവർ പറയുന്നതിൽ ചിലത് ശരിയാകുന്നുണ്ടല്ലോ!' അതിന് നബി(സ്വ) മറുപടി പറഞ്ഞു: 'ശരിയാകുന്ന ആ വാക്ക് ജിന്ന് കവർന്നെടുത്ത് അതിന്റെ ബന്ധുവിന്റെ ചെവിയിൽ കോഴി കുറുകുന്നപോലെ കുറുകി (മന്ത്രിച്ചു) കൊടുക്കുന്നതാണ്. നൂറിലധികം കള്ളവും അതിൽ അവർ കൂട്ടിച്ചേർക്കും.'' (ബുഖാരി, മുസ്‌ലിം)

അല്ലാഹു പറഞ്ഞു: ആരുടെ മേലാണ് പിശാചുക്കൾ ഇറങ്ങു

ന്നതെന്ന് ഞാൻ നിങ്ങൾക്ക് വർത്തമാനം അറിയിച്ചുതരട്ടെയോ? മഹാവ്യാജനും ദുഷ്ടനുമായ എല്ലാവരുടെയും മേലത്രെ (പിശാചുക്കൾ) ഇറങ്ങുന്നത്. അവർ ചെവികൊടുക്കുന്നതാണ്; അവരിൽ അധികമാളും വ്യാജം പറയുന്നവരാകുന്നു'' (അശ്ശുഅറാഅ് 221-223).

അമാനി മൗലവി(റഹി) മേൽ സൂക്തത്തെ വിശദീകരിച്ചുകൊണ്ട് ഇപ്രകാരം എഴുതി: "പിശാച് ഏതു തരത്തിലുള്ള ആളുകളുമായിട്ടാണ് ബന്ധപ്പെടുക, അവന്റെ വരവും ഉപദേശവും ഉണ്ടാകുക ആർക്കാണ് എന്നത്രെ ഈ വചനങ്ങളിൽ പ്രസ്താവിക്കുന്നത്. കള്ളവും നുണയും പതിവാക്കിയ മഹാ വ്യാജകൻമാർ, പാപങ്ങളും ദുഷ്പ്രവൃത്തികളും പതിവാക്കിയ ദുഷ്ടൻമാർ ഇവരാണ്-പിശാചിന്റെ ബന്ധുക്കൾ. അവരിലാണ് പിശാചിന്റെ സാന്നിധ്യവും ഉപദേശവും ഉണ്ടാവുക. മനുഷ്യർക്ക് അറിയാൻ കഴിവില്ലാത്ത ചില കാര്യങ്ങൾ പിശാചുക്കൾക്ക് അറിയാൻ സാധിച്ചേക്കും. അവർ ഒരുതരം അദൃശ്യസൃഷ്ടികളാണല്ലോ... പിശാചിന്റെ വൈതാളികരായ ചില പ്രശ്നക്കാരിൽനിന്നും ഗണിതക്കാരിൽനിന്നും; അവർ പല പേരുകളിലും അറിയപ്പെടാറുണ്ടെങ്കിലും ശരി കേൾക്കാറുള്ള ചുരുക്കം ചില വാർത്തകൾ ശരിയായി അനുഭവപ്പെട്ടുകാണുന്നതിനാൽ ഇന്നും എത്രയോ ആളുകൾ വഞ്ചിതരായിക്കൊണ്ടിരിക്കുന്നു. അത്തരക്കാരെ സമീപിക്കുന്ന പാമരൻമാർക്കോ പ്രസ്തുത വൈതാളികന്മാർക്കോ കണ്ടറിയുവാൻ കഴിഞ്ഞിട്ടില്ലാത്ത ഏതെങ്കിലും വാർത്തകൾ പിശാച് കണ്ടറിയുകയും പല വ്യാജമന്ത്രങ്ങളുടെ കൂട്ടത്തിൽ ആ വാർത്തയും അവൻ അവർക്ക് ദുർബോധനം ചെയ്യുകയും ചെയ്തേക്കുന്നതാണ്. അതുകൊണ്ടാണ് ഹദീസിൽ സൂചിപ്പിച്ചപ്രകാരം ഏതോ ചില കാര്യങ്ങൾ പ്രശ്നക്കാർ പറയുന്നത് ഒത്തുവരുന്നത്. ഈ വാസ്തവം അവർ മനസ്സിലാക്കുന്നില്ല'' (അമാനി തഫ്സീർ, അശ്ശുഅറാഅ് 221-223 ആയത്തുകളുടെ വ്യാഖ്യാനം).

പിശാച് മനുഷ്യരെ സഹായിക്കുമെങ്കിൽ അത് സ്വീകരിക്കുന്നതിലുള്ള അപകടവും ഗൈബ് അറിയുന്നത് അല്ലാഹു മാത്രമായിരിക്കെ അല്ലാഹുവിന്റെ സൃഷ്ടികളെ പിശാച് സഹായിക്കുന്നു എന്ന വിശ്വാസവും എങ്ങനെയാണ് മനസ്സിലാക്കേണ്ടത് എന്ന കാര്യം വളരെ മനോഹരമായി മുഹമ്മദ് അമാനി മൗലവി(റഹി) വിശദീകരിച്ചുണ്ട്. അദ്ദേഹം എഴുതി: "ഭാവിയെ സംബന്ധിച്ചിടത്തോളം, ഏതെങ്കിലും ചില കാര്യങ്ങളെ അടിസ്ഥാനമാക്കി, ലോക സമ്പ്രദായമനുസരിച്ച് ചില അനുമാനങ്ങൾ സ്വരൂപിക്കാനേ സൃഷ്ടികൾക്ക് കഴിയൂ. നാളെ ഇത്രമണിക്ക് മഴ പെയ്യുമെന്നോ മറ്റന്നാൾ ഇന്നയാൾ വെള്ളത്തിൽ മുങ്ങിമരിക്കുമെന്നോ ആർക്കും കൃത്യമായും ഉറപ്പായും പറയുക സാധ്യമല്ലതന്നെ. ഇതുപോലെതന്നെ, വർത്തമാന-ഭൂതങ്ങളിൽ പഞ്ചേന്ദ്രിയങ്ങൾക്കപ്പുറമുള്ള കാര്യത്തിലും ഊഹാനുമാനങ്ങൾ നടത്തുന്നതിൽ എല്ലാവരും ഒരുപോലെയല്ലെന്നു പറയാം. ഓരോരുത്തന്റെയും ബുദ്ധിക്കും ചിന്തക്കും അറിവിന്നും പുറമെ, ഓരോരുത്തർക്കുമുപയോഗപ്പെടുത്താൻ കഴിയുന്ന മാർഗങ്ങളുടെ ഏറ്റക്കുറവിനനുസരിച്ച് അനുമാനങ്ങൾ ശരിയായും തെറ്റായും പുലർന്നെന്നുവരാം. ഉദാഹരണമായി, ഒരാളുടെ ജ്വരം രണ്ടു ദിവസം കൊണ്ട് സുഖപ്പെടുമോ ഇല്ലയോ എന്നതിൽ ഡോക്ടർമാരുടെ നിഗമ

> അദൃശ്യജ്ഞാനവുമായി (ഗൈബിയായ കാര്യങ്ങളുമായി) ബന്ധപ്പെട്ട് സംസാരിക്കുന്നതും, കളങ്ങളോ കരുക്കളോ പോലുള്ള കാര്യങ്ങൾ ഉപയോഗിച്ച് പ്രശ്നങ്ങൾ നോക്കുന്നതും, അത്തരം സാഹിറുകളെ സമീപിക്കുകയും അവർ പറയുന്നതിൽ വിശ്വാസം വെക്കുകയും ചെയ്യുന്നത് ഇസ്‌ലാമിൽ അത്യന്തം വലിയ തിന്മകളിൽ ഒന്നായി കണക്കാക്കപ്പെടുന്നു.

നമായിരിക്കും ഒത്തുവരിക. പല ഡോക്ടർമാരുടെയും അഭിപ്രായങ്ങൾക്കെതിരായി ചിലപ്പോൾ ഒരു വിഡ്ഢി പറഞ്ഞതനുസരിച്ചും സംഭവിച്ചുകൂടായ്കയില്ല. എന്തുതന്നെയായാലും സംഭവിച്ചപ്പോൾ തങ്ങളുടെ അഭിപ്രായം ശരിയായെന്നല്ലാതെ, ഒരു വിധത്തിലും മാറ്റം വരുവാൻ പാടില്ലാത്ത ഒരു അറിവ് അവർക്കാർക്കും അതെപ്പറ്റി ഉണ്ടായിരുന്നില്ല.

ജിന്ന്, അഥവാ ഭൂതവർഗമാകട്ടെ, മനുഷ്യരെക്കാൾ രൂക്ഷവും ഗതാഗത വേഗതയുള്ളതുമാണ്. അങ്ങനെ സാധാരണ മനുഷ്യർക്ക് കഴിയാത്ത പലതും അതിനു കഴിയുന്നു. 'നിങ്ങൾ അങ്ങോട്ടു കാണാത്ത വിധത്തിൽ അവർ നിങ്ങളെ കാണുന്നു'വെന്ന് ഖുർആൻ (സൂറഃ അഅ്റാഫിൽ) പറയുന്നുണ്ട്. രക്തസഞ്ചാരമുള്ളേടത്തെല്ലാം പിശാച് സഞ്ചരിക്കുമെന്ന് ഒരു നബിവാക്യത്തിൽ നാം കണ്ടു കഴിഞ്ഞല്ലോ. മനുഷ്യനെ വഴിപിഴപ്പിക്കാൻ നാനാവിധത്തിൽ പിശാച് ശ്രമിക്കുമെന്നും ഖുർആൻ പറഞ്ഞിട്ടുള്ളതാണ്. ആകയാൽ, ഏതെങ്കിലും ഒരു പിശാചിനെ പ്രത്യേകം സേവിച്ചില്ലെങ്കിൽ കൂടി, മറഞ്ഞകാര്യം ഗണിച്ചും പ്രശ്നം നോക്കിയും പറയുന്ന കാര്യത്തിൽ പൈശാചിക സഹായം കിട്ടും. തൻമൂലം മറ്റുള്ളവർക്കറിയാൻ പ്രയാസമുള്ള പല അറിവും ഇത്തരം ജോലിയിലേർപ്പെട്ടവർക്കു ലഭിക്കുകയും ചെയ്യും. ഇതിൽ യാതൊരസാംഗത്യവും ഇല്ലതന്നെ. പിശാചിനെ പ്രത്യേകം പൂജയും മറ്റു കർമങ്ങളും നടത്തി സേവിക്കുന്നവർക്ക് അവന്റെ സേവ ലഭിക്കുന്നതിലും അസാംഗത്യമില്ല. എന്നാൽ ഇത്തരക്കാർ പറയുന്നത് തെറ്റോ ശരിയോ എന്നതല്ല പ്രശ്നം. അവരുടെയടുക്കൽ പോകാമോ, അവർ പറയുന്നത് വിശ്വസിക്കാമോ, അവരെക്കൊണ്ട് വല്ലതും ചെയ്യിക്കാമോ എന്നതാണ്. ഇതെല്ലാം ഇസ്‌ലാം കർശനമായി വിരോധിച്ചിരിക്കുന്നു; നിഷിദ്ധമായ വസ്തുക്കളുപയോഗിച്ച് ചികിത്സിക്കുന്നത് വിരോധിച്ചപോലെത്തന്നെ, അതുകൊണ്ട് സുഖം കിട്ടുന്നുണ്ടോ ഇല്ലേ എന്നല്ല നോക്കേണ്ടത്. ഇസ്‌ലാമിക ശരീഅത്ത് അത് വിരോധിച്ചിട്ടുണ്ടോ അതോ അനുവദിച്ചിട്ടുണ്ടോ എന്നാണ്.

മറഞ്ഞകാര്യം അല്ലാഹുവിന് മാത്രമെ അറിയൂ എന്ന വിശ്വാസത്തോട്, പിശാച് മുഖേന അവന്റെ സേവകർക്ക് ലഭിക്കുന്ന അറിവിനെക്കുറിച്ചുള്ള ഈ ധാരണ എതിരാകുന്നില്ല. പിശാചിനെത്തന്നെ നിഷേധിക്കുന്ന ചിലർ അങ്ങനെയും വാദിച്ചേക്കാം. മറഞ്ഞകാര്യം അല്ലാഹുവിനേ അറിയൂ എന്ന് പറയുന്നതിന്റെ ഉദ്ദേശ്യം, ഏതു കാര്യവും കാല-ദേശമോ ഏതു തരത്തിലുമുള്ള വകഭേദമോ ഇല്ലാതെ ശരിക്കും കൃത്യമായും അണുഅളവ് പിഴക്കാതെയും ദൃഢമായി അറിയുക അല്ലാഹു മാത്രമാണ് എന്നാണ്. വല്ലതും അവൻ അറിയിച്ചുകൊടുത്താൽ അത് സൃഷ്ടികൾക്കും അറിയും. മാത്രമല്ല, പൈശാചികമായി ലഭിക്കുന്ന അനുമാനങ്ങളിൽ പലതും നുണയായിരിക്കും. പലതും ആളുകൾക്കിടയിൽ വിദ്വേഷം ജനിപ്പിക്കാൻ വേണ്ടി കൽപിച്ചുണ്ടാക്കിയതായിരിക്കുകയും ചെയ്യും. ചിലതൊക്കെ ശരിയുമാകും'' (ഇസ്‌ലാമിക ജീവിതം, പേജ് 428-430).

ഭാവിയെ അറിയാമെന്ന അവകാശവാദങ്ങളും ഗണിതം, പ്രശ്നം നോക്കൽ, ജ്യോതിഷം എന്നിവയിലേക്കുള്ള ചാഞ്ചാട്ടങ്ങളും ഖുർആനും സുന്നത്തും വ്യക്തമാക്കിയ അപകടം നിറഞ്ഞ വഴികളാണ്. പിശാച് മുഖേന ലഭിക്കുന്ന പല സഹായങ്ങളും മനുഷ്യർക്കിടയിൽ വിദ്വേഷം പടർത്താനും സമാധാനം തകർക്കാനുമുള്ളതായിരിക്കും. അതിനുവേണ്ടി പിശാചുക്കൾക്ക് സേവയും പൂജയും നൽകേണ്ടി വരുന്ന അവസ്ഥ ശിർക്കും കുഫ്റുമാണെന്നതിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടാണ് ഇസ്‌ലാം, പൈശാചിക സഹായങ്ങൾ സ്വീകരിക്കാനോ അതിൽ ആശ്രയം വെക്കാനോ ഒരിക്കലും അനുവാദം നൽകാത്തത്. ഒരു സത്യവിശ്വാസിയായ മുസ്‌ലിം ഇത്തരം പ്രവൃത്തികളോടും അതിന്റെ മൗലിക ആശയങ്ങളോടും അത്യന്തം കഠിനമായ വെറുപ്പോടെയും അകലംപാലിക്കുന്ന മനോഭാവത്തോടെയും നിലകൊള്ളേണ്ടത് അനിവാര്യം തന്നെ. ■

മൂസ സ്വലാഹി കാര
: 97473 45768



# കൊണ്ടോട്ടിയിലെ ശിയാ ഉത്സവം പുനരാനയിക്കപ്പെടുമ്പോൾ

ശിയാ കക്ഷികളോട് പുറമെ വെറുപ്പ് കാണിച്ചും അവരുടെ പിഴച്ച ആശയങ്ങളെ വാരിപ്പുണർന്നും മുന്നോട്ട് പോകുന്ന വിഭാഗമാണ് സമസ്ത. അതിന് എത്രയോ ഉദാഹരണങ്ങൾ പല ലേഖനങ്ങളിലായി 'നേർപഥ'ത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൊണ്ടോട്ടി നേർച്ച 14 വർഷങ്ങൾക്കു ശേഷം പുനരാനയിക്കപ്പെട്ടത് സമസ്തയുടെ ശിയാബാന്ധവം കൂടിക്കൊണ്ടിരിക്കുന്നു എന്നതിന് വലിയ തെളിവാണ്. ആരാണ് ഈ കൊണ്ടോട്ടി തങ്ങൾ? എന്താണ് കൊണ്ടോട്ടി നേർച്ച? നമുക്കൊന്ന് പരിചയപ്പെടാം.

കറകളഞ്ഞ ശിയാ-സൂഫി ആചാര്യനും നാഗ്പൂർ കർദാൻ സ്വദേശിയുമായ മുഹമ്മദ് ഷാ എന്ന വ്യക്തിയാണ് കൊണ്ടോട്ടി തങ്ങൾ എന്ന പേരിൽ അറിയപ്പെടുന്നത്. പലയിടങ്ങളിലും ചുറ്റിത്തിരിഞ്ഞതിന് ശേഷം മലബാറിലെ

**ശിയാഇസത്തോട് പ്രത്യക്ഷത്തിൽ കലഹിച്ചും തിരശ്ശീലക്ക് പിറകിൽ രഹസ്യബാന്ധവം തുടർന്നും ആദർശരംഗത്ത് പടുകുഴിയിലേക്ക് ആപതിച്ചിരിക്കുകയാണ് കേരളത്തിലെ സമസ്ത. നാഗ്പൂർ സ്വദേശിയായ ശിയാ ആചാര്യൻ മുഹമ്മദ് ഷായുടെ കാർമികത്വത്തിൽ സ്ഥാപിച്ച കൊണ്ടോട്ടിയിലെ മതവാണിഭ കേന്ദ്രവും അതോടനുബന്ധിച്ച അനാചാരങ്ങളും വിമർശിക്കപ്പെടുന്നത് ഈയൊരു പരിപ്രേക്ഷ്യത്തിലാണ്.**

കൊണ്ടോട്ടിയിൽ കാളോത്ത് എന്ന കുന്നിൽ അയാൾ തമ്പടിച്ചു. ആത്മീയത ചമഞ്ഞും ചില ചെപ്പടിവിദ്യകൾ കാണിച്ചും; അതുവരെ പൊന്നാനി, കോഴിക്കോട് തങ്ങന്മാരുടെ ആശ്രിതരായിരുന്ന ആളുകളെ അയാളിലേക്ക് ആകൃഷ്ടരാക്കുകയും ആ പ്രദേശത്തെ വലിയ മതവാണിഭ കേന്ദ്രമാക്കിത്തീർക്കുകയും ചെയ്തു.

ഇന്ന് സമസ്തക്കാർ നടത്തുന്ന ആണ്ട്, ഉറൂസ്, നേർച്ചകൾക്ക് മാതൃക കാട്ടിയ വ്യക്തി കൂടിയാണ് കൊണ്ടോട്ടി തങ്ങൾ! ജനശ്രദ്ധ പിടിച്ചുപറ്റാൻ 'നേർച്ച' എന്ന പേരിട്ട് അയാൾ ആരംഭിച്ച തനിച്ച ശിയാ ആഘോഷത്തിന്റെ തുടക്കത്തെ സംബന്ധിച്ച് സമസ്തക്കാർ എഴുതിയത് കാണുക:

"ഹസ്റത്ത് മുഹമ്മദ് ശാഹ് തങ്ങളുടെ പേരും പ്രശസ്തിയും നാൾക്കുനാൾ വർദ്ധിച്ചു കൊണ്ടേയിരുന്നു. തക്കിയയുടെ വടക്ക് ഭാഗത്ത് നോക്കിയാൽ കാണുന്ന ദൂരത്തിൽ മഹാനവർകൾ തന്റെ ശൈഖുമാരായ മുഹിയുദ്ദീൻ അബ്ദുൽ ഖാദർ ജീലാനി(റ)യുടെയും ഖാജാ ശൈഖ് മുഈനുദ്ദീൻ ചിശ്തി അജ്മീരി(റ)യുടെയും നാമധേയത്തിൽ ഒരു കൊടിമരം ഉയർത്തി. അതിൽ വെള്ളക്കൊടി കെട്ടി. ചുറ്റും തറ ഉയർത്തിക്കെട്ടി.

ശൈഖവർകൾ ഇടക്കിടെ അവിടെ വന്നിരിക്കുകയും വിഷമഘട്ടത്തിൽ പ്രാർത്ഥന നടത്തുകയും ചെയ്തുവന്നു. ഒരു വർഷം കഴിഞ്ഞപ്പോൾ മുരീദുമാരെയും നാട്ടുകാരെയും വിളിച്ചു വരുത്തി പഴയ കൊടി മാറ്റി പുതിയ കൊടി ഉയർത്തുകയും മശാഇഖുമാരുടെ പേരിൽ ഖത്തം ദുആ നടത്താൻ തീരുമാനിക്കുകയും നാൽപതു ഖത്തം ഓതുവാൻ മുരീദുമാരോട് കൽപിക്കുകയും ചെയ്തു. ഒരു മാസം പൂർത്തിയായപ്പോൾ ഖത്തം ദുആ ഭക്തിയാദരപൂർവ്വം നടത്തി. പിന്നീട് ഇതേ രീതിയിൽ വർഷാവർഷം മുടങ്ങാതെ കൊടികയറ്റവും ഖത്തം ദുആയും വിപുലമായി തന്നെ നടക്കൽ പതിവായി. ഇതാണ് കൊണ്ടോട്ടി നേർച്ച" (കൊണ്ടോട്ടി തങ്ങൾ/ ഉമർ മധുവായ്/പേജ് 28,29).

വീണ്ടും എഴുതുന്നു: "വളരെ കാലങ്ങൾക്ക് മുമ്പുതന്നെ മലപ്പുറം, പാലക്കാട്, കോഴിക്കോട് ജില്ലകളിലെ ആളുകൾ ആവേശത്തോടെ പങ്കെടുത്തിരുന്ന ഒരുവൻ ജനസമ്മേളനമാണ് കൊണ്ടോട്ടി നേർച്ച. ശൈഖ് മുഹമ്മദ് ശാഹ് തങ്ങളുടെ കാലത്താണ് നേർച്ച ആരംഭിച്ചത്. തന്റെ ശൈഖുമാരായ മുഹ്യുദ്ദീൻ അബ്ദുൽ ഖാദിർ ജീലാനി, മുഈനുദ്ദീൻ ചിശ്തി അൽഅജ്മീരി എന്നിവരുടെ നാമധേയത്തിൽ മുഹമ്മദ് ശാഹ് തങ്ങൾ തന്നെയാണ് ഇതിന് തുടക്കമിട്ടത്" (പേജ് 132).

സമസ്തയുടെ ഉത്തരവാദിത്തത്തിലുള്ള എല്ലാ ആത്മീയ തട്ടിപ്പുകേന്ദ്രങ്ങളിലും നടക്കുന്ന ആണ്ടാഘോഷങ്ങളുടെയൊക്കെ തുടക്കം ഇതിന് സമാനമാണ്. ഓരോ സ്ഥലത്തെയും സാഹചര്യങ്ങൾക്കനുസരിച്ച് ആചാര പരിപാടികളിൽ വ്യത്യസ്തത വരുത്തുന്നു എന്നു മാത്രം. കൊണ്ടോട്ടി ഉത്സവത്തിന്റെ മുന്നോട്ടുള്ള പോക്കിൽ രണ്ടാം സ്ഥാനക്കാരനായി കാണപ്പെട്ട ഹസൻ സാഹിബ് എന്ന ഇശ്തിയാഖ് ശാഹ് പുതുമകൾ കൊണ്ടുവന്നു. തോക്ക് പൊട്ടിക്കൽ, മദ്ഹ് ഗാനമേളകൾ, പെട്ടിവരവു

കൾ, ചന്ദനമെടുക്കൽ തുടങ്ങിയവ അതിൽപ്പെട്ടതാണ്.

കൊണ്ടോട്ടി തങ്ങളുടെ മത വ്യവസായ വളർച്ചയിൽ അസഹ്യരായ പല മുസ്‌ലിയാക്കന്മാരും അയാളിലെ പിഴവുകൾ നുള്ളിപ്പെറുക്കി എതിർത്ത് പ്രസംഗിക്കാനും ഫത്‌വകൾ ഇറക്കാനും തുടങ്ങി. തങ്ങളെ അനുകൂലിക്കുന്ന മുസ്‌ലിയാക്കന്മാർ വിമർശനങ്ങൾക്ക് നേരെ മറുപടി ഉതിർത്തും അഭിപ്രായ ഭിന്നതകൾ മുന്നോട്ടു പോയി. അദ്ദേഹം പ്രചരിപ്പിച്ച ശിയാ വിശ്വാസങ്ങളെ മാറോട് ചേർത്തുവെച്ച് മുഹമ്മദ് ഷായുടെ ത്വരീഖത്ത് പിഴച്ചതാണെന്ന് മുദ്ര കുത്തുന്നത് വല്ലാത്തൊരു മറിമായം തന്നെയാണ്.

അഹ്‌ലുസ്സുന്ന വൽജമാഅയുടെ യഥാർഥ വക്താക്കളായ സലഫി പണ്ഡിതരുടെ പ്രമാണങ്ങളിലൂന്നിയ പ്രയത്ന ഫലമായും മറ്റും ഇടക്കാലത്ത് നിർത്തലാക്കപ്പെട്ട ഈ ഉത്സവം സമസ്തയെ വിഴുങ്ങുന്ന ശിയാ പ്രേമികളുടെ പരിശ്രമത്താൽ പുനരാനയിക്കപ്പെട്ടത് നാം കണ്ടു. പുനരാനയിക്കപ്പെട്ടതിലെ ആശയതലം പരിശോധിച്ചാൽ പ്രതിക്കൂട്ടിൽ നിൽക്കുന്നത് സമസ്തയാണെന്നു കാണാൻ പ്രയാസമില്ല.

സമസ്ത മുന്നിൽനിന്ന് അതിന് പുതുജീവൻ നൽകാൻ ശ്രമിക്കാത്തതിലുള്ള അമർഷം വ്യസന സമേതം അറിയിക്കുന്നത് കാണുക:

“എന്നാൽ ശൈഖ് മുഹമ്മദ് ശാഹ് തങ്ങൾ നടത്തിത്തുടങ്ങിയ നേർച്ചയുടെ പരിശുദ്ധി കാത്ത് രക്ഷിക്കാനും അതിന്റെ പേരിൽ നടമാടുന്ന അനാചാരങ്ങൾ നിർമാജനം ചെയ്യാനും ഉലമാക്കളുടെയും ഉമറാക്കളുടെയും സാധാരണക്കാരുടെയും ഭാഗത്ത് നിന്ന് ആത്മാർത്ഥവും ക്രിയാത്മകവുമായ ഒരു ശ്രമവും ഇതുവരെ നടന്നിട്ടില്ലാത്തത് പോലെ ഇപ്പോഴും നടക്കുന്നില്ലായെന്നതാണ് ഏറെ ഖേദകരം” (കൊണ്ടോട്ടി തങ്ങൾ/ഉമർ മധുവായ്/പേജ് 139).

**പ്രശ്നം കൊണ്ടോട്ടി തങ്ങൾക്ക് മാത്രമോ?**

കൊണ്ടോട്ടി കൈക്കാർ, പൊന്നാനി കൈക്കാർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള ആദർശ സംഘട്ടനം മായ്ക്കപ്പെടാത്ത ചരിത്രമാണ്. ഇരുകൂട്ടരും അനാചാരങ്ങളുടെ വക്താക്കളായതുകൊണ്ട് ആരാണ് കേമൻമാർ എന്നതായിരുന്നു തർക്കത്തിന്റെ മർമം. പദവി ഉയർത്തിയും താഴ്ത്തിയും പരസ്പരം പഴിചാരി പാടിയിരുന്ന പാട്ടുകൾവരെയുണ്ട്.

എന്നാൽ ഈ തങ്ങൾ സമസ്ത സരണിയിലെ ഒഴിച്ചുകൂടാനാകാത്ത അഭിമാന വലിയ്യാണെന്ന് സാക്ഷ്യപ്പെടുത്തിയ പ്രധാന പുരോഹിതന്മാരുടെ പേരുകളും അഭിപ്രായങ്ങളും സമസ്തയുടെ ആശീർവാദത്തോടെ തന്നെ ‘കൊണ്ടോട്ടി തങ്ങൾ’ എന്ന പുസ്തകത്തിൽ പ്രത്യേക ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. വൈത്തല അഹമ്മദ് കുട്ടി മുസ്‌ലിയാർ, ഇ.കെ അബൂബക്കർ മുസ്‌ലിയാർ, കെ.കെ സ്വദഖതുല്ലാഹ് മുസ്‌ലിയാർ, തൃപ്പനച്ചി മുഹമ്മദ് മുസ്‌ലിയാർ, ആമയൂർ മുഹമ്മദ് മുസ്‌ലിയാർ, ടി.കെ.എം ബാവ മുസ്‌ലിയാർ, എം.എം ബഷീർ മുസ്‌ലിയാർ, സയ്യിദ് ഹൈദരലി ശിഹാബ് തങ്ങൾ, കെ. ആലിക്കുട്ടി മുസ്‌ലിയാർ, ഏലംകുളം ബാപ്പു മുസ്‌ലിയാർ, സയ്യിദ് നാസ്വിർ അബ്ദുൽ ഹയ്യ് ശിഹാബ് തങ്ങൾ... ഇങ്ങനെ നീളുന്നു ആ നിര. കൊണ്ടോട്ടി തങ്ങളുടെ മഹത്ത്വം അംഗീകരിച്ച ഇവരെയെല്ലാം സമസ്ത അന്യരും വഴിതെറ്റിയവരുമായി കാണുമോ? ഇല്ലെങ്കിൽ ആ ത്വരീഖത്ത് മാത്രം വ്യാജമാകുന്നതെങ്ങനെ?

സമസ്തയുടെ അടയാളങ്ങളായി ശിയാക്കളിൽനിന്ന് സ്വീകരിച്ച ജാറം, ഖുബ്ബ, കൊടിമരം, കറാമത്ത് കഥകളടക്കം എല്ലാം ഈ ത്വരീഖത്തിലും ഉണ്ടായിരിക്കെ ഇത് മാത്രം കുഴപ്പം പിടിച്ച ത്വരീഖത്താകു



അഹ്‌ലുസ്സുന്ന വൽജമാഅയുടെ യഥാർഥ വക്താക്കളായ സലഫി പണ്ഡിതരുടെ പ്രമാണങ്ങളിലൂന്നിയ പ്രയത്ന ഫലമായും മറ്റും ഇടക്കാലത്ത് നിർത്തലാക്കപ്പെട്ട ഈ ഉത്സവം സമസ്തയെ വിഴുങ്ങുന്ന ശിയാ പ്രേമികളുടെ പരിശ്രമത്താൽ പുനരാനയിക്കപ്പെട്ടത് നാം കണ്ടു. പുനരാനയിക്കപ്പെട്ടതിലെ ആശയതലം പരിശോധിച്ചാൽ പ്രതിക്കൂട്ടിൽ നിൽക്കുന്നത് സമസ്തയാണെന്നു കാണാൻ പ്രയാസമില്ല.


മോ? എല്ലാ ത്വരീഖത്തുകളും ഒരുപോലെ ആദരിച്ച, ബാഗ്ദാദിലെ ജീലാനി മക്ബറ ലക്ഷ്യമാക്കിയുള്ള ഖാദിരിയ്യ ത്വരീഖത്തിൽ തന്നെയണല്ലോ ഇദ്ദേഹവും ബൈഅത്ത് എടുത്തിട്ടുള്ളത്.

“ഞാൻ കർദാൻ സ്വദേശിയായ മുഹമ്മദ് ശാഹ് ആകുന്നു. ഇസ്‌ലാം എന്റെ മതവും മുഹമ്മദ് നബി (സ) എന്റെ പ്രവാചകരും ക്വുർആൻ എന്റെ മാർഗദർശിയുമാണ്. എന്റെ ഗുരുവര്യൻ പണ്ഡിത നേതാവായ കറം അലി ശാഹ് വാലി ആകുന്നു. മഹാനായ മുഹിയുദ്ദീൻ ശൈഖിന്റെയും ശൈഖ് മുഈനുദ്ദീൻ അജ്മീരിയുടെയും മാർഗത്തിലാണ് (ത്വരീഖത്ത്) ഞാൻ പ്രവർത്തിക്കുന്നത്”(കൊണ്ടോട്ടി തങ്ങൾ/ പേജ് 28). തങ്ങളോടുള്ള വിരോധം ആശയപരമാണെങ്കിൽ മുഴുവൻ ത്വരീഖത്തുകളോടും ഇതേ സമീപനം സ്വീകരിക്കേണ്ടതില്ലേ?

ഒരു ശൈഖ് വലിയ്യാകണമെങ്കിൽ സമസ്ത നിയമത്തിൽ അയാൾ രിയാളയിൽ മുഴുകണമെന്ന നിബന്ധനയുണ്ട്. ആ കടമ്പയും തങ്ങൾ കടന്നിട്ടുണ്ടത്രെ!

“ദിവസങ്ങളും മാസങ്ങളും ദൈവസ്മരണയിലും മുറാഖബയിലും മുഴുകിയുള്ള ഈ അലച്ചിൽ ഔലിയാക്കളുടെ സ്വയം ശുദ്ധീകരിക്കാനുള്ളി രിയാളയുടെ ഭാഗമാണ്. ഇടക്കിടെ ഗുരുവിന്റെ സന്നിധിയിൽ വന്ന് കുറച്ച് കാലം കഴിച്ചുകൂട്ടി ഗുരുവിന്റെ നിർദ്ദേശ പ്രകാരം വീണ്ടും അപ്രത്യക്ഷനാകുമായിരുന്നു.



ഇക്കാലയളവിൽ ഭക്ഷണമായി ഒന്നും കിട്ടാത്തപ്പോൾ പച്ചിലയും വെള്ളവും കഴിച്ച് ഇബാദത്ത് ചെയ്തു കൊണ്ടിരിക്കും. മാസങ്ങൾ നീണ്ടുനിൽക്കുന്ന യാത്ര കഴിഞ്ഞ് നീണ്ടു വളർന്നു ജഢ കുത്തിയ മുടിയും താടിയും കീറിപ്പറഞ്ഞ വസ്ത്രങ്ങളുമായാണ് ജ്ഞാന കേന്ദ്രത്തിലും ഗുരുസന്നിധിയിലും എത്തിയിരുന്നത്. ഇതു കാരണം സഹപാഠികൾ ഫക്കീർ മുഹമ്മദ് ശാഹ് എന്ന് അദ്ദേഹത്തെ വിളിച്ചു വന്നു” (പേജ് 15).

സൂഫിസത്തെ ഇത്രത്തോളം സത്യസന്ധമായി വാരിപ്പുണർന്ന ഇയാൾ പിഴച്ചവനാണെങ്കിൽ ലോക നിയന്ത്രകനെന്ന് സ്വയം പുലമ്പിയ സി.എം മടവൂരടക്കമുള്ളവരുടെ വിധി മറിച്ചാകുന്നതെങ്ങനെ?

പിഴച്ച ആദർശം പേറിയതു മൂലം ഞെരുക്കവും സംഘാടന രംഗത്തെ സംഘട്ടനങ്ങളും കാരണം വെന്തുരുകുന്ന സമസ്ത മുശാവറകൾ ഇനിയെങ്കിലും തിരിച്ചറിയട്ടെ, കൊണ്ടോട്ടി തങ്ങൾ ഒറ്റക്കല്ല സമസ്തകൾ മുഴുവനും ശിയാ-സൂഫി-ബറേൽവി ശ്രേണിയിലെ തങ്കപ്പെട്ട കണ്ണികൾ തന്നെയാണെന്ന്!

മനുഷ്യനിർമിത ത്വരീഖത്തുകളെല്ലാം വ്യാജവും വ്യർഥവുമാണെന്നും നേർമാർഗം ഒന്ന് മാത്രമേയു ള്ളൂ എന്നുമാണ് അഹ്‌ലുസ്സുന്നയുടെ നിലപാട്. അല്ലാഹു പറയുന്നു:

“ഇതത്രെ എന്റെ നേരായ പാത. നിങ്ങൾ അത് പിന്തുടരുക. മറ്റുമാർഗങ്ങൾ പിൻപറ്റരുത്. അവയൊക്കെ അവന്റെ (അല്ലാഹുവിന്റെ) മാർഗത്തിൽ നിന്ന് നിങ്ങളെ ചിതറിച്ച് കളയും. നിങ്ങൾ സൂക്ഷ്മത പാലിക്കാൻ

പ്രമാണങ്ങളുടെ യാതൊരു പിന്തുണയുമി ല്ലാത്ത, ശിയാക്കളുടെ പിഴച്ച ചിന്താഗതികളെ തലയിലേറ്റുന്ന ഇവർക്കെങ്ങനെ ഞങ്ങൾക്ക് ശിയാക്കളുമായി ബന്ധവില്ലെന്ന് പറയാൻ കഴിയുന്നു? ഇതൊന്നും തിരുത്തപ്പെടാതെ ഈ ശിയാ ഉത്സവത്തെ ആശയപരമായി ചോദ്യം ചെയ്യാൻ ഇവർക്കർഹതയുണ്ടോ? എത്രതന്നെ പൂഴ്ത്തി വെച്ചാലും അന്ധവിശ്വാ സങ്ങൾ സമൂഹം കാണെ മറനീക്കി പുറത്ത് വരുമെന്നതിന്റെ തെളിവ് കൂടിയാണിത്.

വേണ്ടി അവൻ നിങ്ങൾക്ക് നൽകിയ ഉപദേശമാണത്'' (6:153).

**ഉത്സവത്തിൽ കണ്ടതും കേട്ടതും!**

നബി(സ്വ)ക്കും സ്വഹാബത്തിനും ഇസ്‌ലാം നൽകിയ മഹത്ത്വത്തിനും ശ്രേഷ്ഠതക്കും നിരക്കാത്ത നിലപാടാണ് ശിയാക്കൾക്കുള്ളത്. പഞ്ച മഹത്തുക്കളായി അവർ എണ്ണുന്നത് മുഹമ്മദ്(സ്വ), അലി(റ), ഹസൻ(റ), ഹുസൈൻ(റ), ഫാത്വിമ(റ) എന്നിവരെയാണ്. 'അഹ്‌ലുൽ കസാഇ വൽ അബാഅ്' എന്നാണ് ഈ അഞ്ചുപേർക്ക് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളത്. കൊണ്ടോട്ടി ഉത്സവത്തിലെ ബാനറുകളിൽ പല വർണങ്ങളിൽ കാണാനായത് യാ മുഹമ്മദ്, യാ അലി, യാ ഹസൻ, യാ ഹുസൈൻ, യാ ഫാത്വിമ എന്നതാണ്. ഇത് നബി(സ്വ)യുടെയും സ്വഹാബത്തിന്റെയും ജീവിത സന്ദേശമായി ലഭിച്ചതല്ല. ശുദ്ധ ശിർക്കിന്റെ വിപണനത്തിനായി ശിയാക്കൾ നിർമിച്ചതും സൂഫികൾ താലോലിച്ചതുമാണ്. ഈ വിശ്വാസത്തെ സമസ്ത പുരോഹിതന്മാരും ഭവ്യതയോടെ കാണുന്നതിന്റെ കലർപ്പില്ലാത്ത തെളിവുകൾ എമ്പാടുമുണ്ട്.

സമസ്തയുടെ ഉന്നത സ്ഥാനീയനായിരുന്ന പി.പി മുഹ്‌യിദ്ദീൻ കുട്ടി മുസ്‌ലിയാർ പാറന്നൂർ എല്ലാ ഖുറാഫത്ത് മാലകളെയും ക്രോഡീകരിച്ച് രചിച്ച കൻസുൽ ഇബാദിന്റെ 264ാം പേജിൽ പരീക്ഷണങ്ങളും പ്രശ്നങ്ങളും നീങ്ങിക്കിട്ടാൻ അഹ്‌ലുൽ വബാഇനെ കൊണ്ടുള്ള തവസ്സുൽ പഠിപ്പിക്കുന്നു.

ഇ.കെ അബൂബക്കർ മുസ്‌ലിയാർ എഴുതിയ അജ്മീർ മൗലിദിന്റെ 40ാം പേജിൽ ഈ അഞ്ച് പേരുടെയും പ്രമുഖ ശിയാ-സൂഫി ഇമാമുമാരുടെയും സമക്ഷത്തിലേക്ക് ഫാതിഹ ഓതി വിടുന്നത് കാണാം.

തൃപ്പനച്ചി ജാറത്തിലുള്ള സമസ്തയുടെ സൂഫിവര്യൻ, ഔലിയാഇൽ രാജകിളിയെന്ന് വിശേഷിപ്പിക്കപ്പെട്ട മുഹമ്മദ് മുസ്‌ലിയാർ സ്ഥാപിച്ച കൊടിമരത്തിൽ തൂക്കിയതും ഈ ബൈത്തുള്ള കൊടിയാണ്.

അദ്ദേഹം പറഞ്ഞത് കാണുക: "അഹ്‌ലുൽ കസാഇന്റെ പേരിൽ നാട്ടിയ കൊടിമരമാണിത്. മുഹ്‌യിദ്ദീൻ ശൈഖ് തങ്ങൾ അവരുടെ കുടുംബക്കാരനാണ്. മഹാനും അവരിലേക്ക് ചേരും'' (ഔലിയാഇൽ രാജകിളി/പേജ് 83).

എസ്.വൈ.എസ് 60ാം വാർഷികോപഹാരത്തിൽ എഴുതിയത് കാണുക: "ഈ പഞ്ച ചന്ദ്ര നക്ഷത്രങ്ങൾക്കും അവരിൽനിന്ന് ഉൽഭവിച്ച താരകങ്ങൾക്കും നബികുടുംബത്തിൽനിന്ന് പ്രത്യേക പദവിയുണ്ടെന്നതിൽ പണ്ഡിതലോകത്ത് പക്ഷാന്തരമില്ല. ഇവരാണ് അഹ്‌ലുൽ അബാഅ് എന്നറിയപ്പെടുന്നത്'' (പേജ് 133).

ഈ അഞ്ചു മഹാൻമാർക്ക് അഹ്‌ലുൽ അബാഅ് എന്നു പ്രത്യേകമായ പേരു നൽകിയതും അവരെ വിളിച്ചു തേടൽ തുടങ്ങിയതും ശിയാക്കളാണ്. ഇസ്‌ലാം പഠിപ്പിക്കാത്ത ഇത്തരം കാര്യങ്ങൾ പ്രചരിപ്പിക്കുന്നതിന്റെ പ്രചോദനം ശിയാസ്വാധീനമല്ലാതെ മറ്റെന്താണ്? പ്രമാണങ്ങളുടെ യാതൊരു പിന്തുണയുമില്ലാത്ത, ശിയാക്കളുടെ പിഴച്ച ചിന്താഗതികളെ തലയിലേറ്റുന്ന ഇവർക്കെങ്ങനെ ഞങ്ങൾക്ക് ശിയാക്കളുമായി ബന്ധവില്ലെന്ന് പറയാൻ കഴിയുന്നു? ഇതൊന്നും തിരുത്തപ്പെടാതെ ഈ ശിയാ ഉത്സവത്തെ ആശയപരമായി ചോദ്യം ചെയ്യാൻ ഇവർക്കർഹതയുണ്ടോ? എത്രതന്നെ പൂഴ്ത്തി വെ



ച്ചാലും അന്ധവിശ്വാസങ്ങൾ സമൂഹം കാണെ മറനീക്കി പുറത്ത് വരുമെന്നതിന്റെ തെളിവ് കൂടിയാണിത്.

**ആരാണ് സി. ഹംസ?**

ശിയാക്കൾ അവരുടെ ആരാധനയായിക്കാണുന്ന ആചാരമാണ് 'തകിയ്യ' അഥവാ വിശ്വാസം ഉള്ളിലൊളിപ്പിച്ച് സമൂഹത്തിൽ ഇടപെടുക എന്നത്. ദ്വിമുഖ പ്രവണത ഒരിക്കലും മതമാവുകയില്ലല്ലോ! ശിയാ ആചാരങ്ങളെ അരക്കിട്ടുറപ്പിക്കാൻ കൊണ്ടോട്ടി തങ്ങൾ പതിവാക്കിയ രീതി ഇതായിരുന്നു. നാഴികയ്ക്ക് നാൽപതുവട്ടം ഞങ്ങൾ ശിയാക്കളല്ലെന്ന് പറയുന്ന മുസ്‌ലിയാക്കന്മാർ അവരുടെ ഏർപ്പാടുകളിൽ ആനന്ദം കൊള്ളുന്നതും ഇതേ ശൈലിയുടെ തണലിലാണ്. സമസ്തക്കാരുടെ 'കണ്ണിലുണ്ണി'യായ സി. ഹംസ സാഹിബ് തകിയ്യയെ ആദർശമായി കൊണ്ടുനടക്കുന്ന വ്യക്തിയാണ്.

'ഞാൻ ശിയയല്ല' എന്ന് ഉരുവിട്ട് ശിയാഇസത്തിനും സൂഫിസത്തിനും ജീവൻ പകരാൻ പരിശ്രമിക്കുന്ന വ്യക്തിയാണ് അദ്ദേഹം. കൊച്ചിയിൽ സ്ഥാപിക്കപ്പെട്ട ശിയാ സംവിധാനമായ തഖ്‌ലൈൻ ഫൗണ്ടേഷൻ ഇതിനായി ഇയാളെ നന്നായി ഉപയോഗിക്കുന്നുണ്ട്. സൂഫി ആശയങ്ങൾ മാത്രമുള്ള ഗ്രന്ഥങ്ങൾ മലയാളത്തിലേക്ക് മാറ്റി ഇതിന്റെ പ്രചാരണം ഇയാൾ എളുപ്പമാക്കുന്നു എന്നതും വലിയൊരു വിപത്താണ്!

കൊണ്ടോട്ടി ഉത്സവത്തിൽ ആത്മീയ പ്രഭാഷകനായി രംഗത്തെത്തിയതും ഈ സി. ഹംസ തന്നെ! ശിയാ വിശ്വാസങ്ങളോട് അനുരഞ്ജനമില്ലെങ്കിൽ സി. ഹംസയുടെ കാര്യത്തിൽ സമസ്തയുടെ മൗനം മുറുകുന്നതെന്തുകൊണ്ട്?




**സമസ്തക്ക് തടിയൂരാനാകുമോ?**

കൊണ്ടോട്ടി തങ്ങൾ ശിയയാണെന്നും അവിടുത്തെ ഉത്സവം അനാചാരങ്ങൾ നിറഞ്ഞതാണെന്നും പറഞ്ഞ് നല്ലപിള്ള ചമയാൻ വെമ്പൽ കൊള്ളുന്ന ചില പുരോഹിതന്മാർ രംഗത്തുണ്ട്. പല മുസ്‌ലിയാക്കന്മാർ സഹകരിച്ചും 'അൽ ഉസ്താദ് ഓടക്കൽ അലി ഹസ്സൻ മുസ്‌ലിയാർ ബാഖവി'യുടെ ആശംസയോടെയും ഹാജി ടി.പോക്കർ മുസ്‌ലിയാർ എഴുതിയ 'മുട്ടുംവിളി നേർച്ചയെ എതിർക്കുന്നവർക്കൊരു മറുപടി' എന്ന ഒരു പുസ്തകമുണ്ട്. സകല അനാചാരങ്ങളെയും ഇസ്‌ലാമികമാക്കാനാണ് അതിലൂടെ ശ്രമിച്ചിട്ടുള്ളത്. അതിലെ പ്രസക്തമായൊരു ഭാഗം വായിക്കാം.


"കൊണ്ടോട്ടി നേർച്ചയുടെ പ്രത്യേകതയിൽ പെട്ടതാണ് മിക്ക പെട്ടിവരവുകളിലും ശൈഖന്മാരെ വിളിച്ചുകൊണ്ടുള്ള അറവനമുട്ടുകാരുടെ അത്ഭുത പ്രകടനങ്ങൾ നടക്കുന്നത്. അവിടെയും മുമ്പ് പറഞ്ഞതു പോലെ മുട്ടും വിളിയും മൗലീദ് അന്നദാനവും നടത്തപ്പെടുന്നു. ആ നേർച്ചയിലെ പെട്ടിവരവുകളുടെ എണ്ണവും സുന്നി ലേബൽ ഒട്ടിച്ച് നടക്കുന്ന ചിലരുടെ രംഗപ്രവേശനം മൂലം ഇല്ലാതായിക്കൊണ്ടിരിക്കുകയാണ്. ഇങ്ങിനെ പുല്ലാര, പെരിന്തൽമണ്ണ, പുത്തനങ്ങാടി ശുഹദാക്കളുടെ നേർച്ച; മലപ്പുറം, കൂട്ടായി, അയ്യായി തുടങ്ങിയ നുറുകണക്കിന് ശുഹാദക്കന്മാരുടെയും സയ്യിദന്മാരുടെയും ഔലിയാക്കളുടെയും നേർച്ചകൾ ഡ്യൂപ്ലിക്കറ്റ് സുന്നികളുടെ

കരങ്ങളാൽ പല തന്ത്രങ്ങൾ ഉപയോഗിച്ച് ഇല്ലാതാക്കിയിരിക്കുകയാണ്. പഴയ തനിമ നിലനിർത്തി ഇനി ചുരുക്കം ചില നേർച്ചകൾ ബാക്കിയുണ്ട്. അതിൽ ചിലതാണ് പുതിയങ്ങാടി, കല്ലുങ്ങൽ, വലിയോറ, മടപ്പള്ളി, മഞ്ചേരി, പയ്യനാട്, പട്ടാമ്പി; ജില്ലക്ക് പുറത്തെ ചാവക്കാട്, മണത്തല, അണ്ടത്തോട് എന്നീ നേർച്ചകൾ. അതും കൂടി നിർത്തിവെപ്പിക്കാൻ ഈ ഡ്യൂപ്ലിക്കേറ്റ് സുന്നികൾ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. കാലം അവസാനിക്കാറായി എന്നതിന്റെ അടയാളമാണ് സ്വന്തം സമുദായത്തിൽ പെട്ടവർ തന്നെ മുൻകാലത്ത് നിലനിർത്തിപ്പോന്നിരുന്ന സുന്നത്ത് ജമാഅത്തിന്റെ അടയാളങ്ങളായ ഈ നേർച്ചകളെല്ലാം ഇല്ലാതാക്കാൻ ശ്രമിക്കുന്നത്. സുന്നികൊണ്ട് മുഖം മൂടി നടക്കുന്ന ഈ കാപട്യത്തെ നാം തിരിച്ചറിയുക. കഴിവിന്റെ പരമാവധി എതിർത്തു കൊണ്ടു തന്നെ നിലനിന്നു പോരുന്ന ഈ നേർച്ചകൾ അനുവദനീയമായ എല്ലാവിധ ആഘോഷങ്ങളോടുകൂടി തന്നെ നിലനിർത്തി നാട്ടിൽ ഐക്യവും സന്തോഷവും ധർമ്മവും കൈവരിക്കാൻ ശ്രമിക്കണം. മാത്രമല്ല നിർത്തിവെച്ച എല്ലാ നേർച്ചകളും പെട്ടിവരവുകളും ആഘോഷപൂർവ്വം പുനരാരംഭിച്ചും അനാചാരങ്ങളെ അകറ്റി നിർത്തിയും നിലനിറുത്താൻ നാം ശ്രമിക്കണം"(പേജ് 17,18).

എല്ലാം ശുഭം! കുറേ മുസ്‌ലിയാക്കന്മാരുടെ അതിയായ ആഗ്രഹം പൂവണിഞ്ഞ ഈ സന്ദർഭത്തിൽ വലിയ തിളക്കമുണ്ട് ഈ വാക്കുകൾക്ക്. കൊണ്ടോട്ടിയടക്കമുള്ള മുഴുവൻ ഉത്സവങ്ങളെയും സമസ്തയുടെ അടയാളമായി അംഗീകരിക്കുന്ന ചടങ്ങ് മാത്രമെ ഇനി അവശേഷിക്കുന്നുള്ളൂ. മുശാവറകൾക്ക് അതിന് ധൈര്യമില്ലെങ്കിൽ തങ്ങളുടെ മേൽ എടുത്ത തീരുമാനം ഇവരുടെ കാര്യത്തിലും എടുക്കണം.

കൊടുത്ത കഴിവിൽനിന്ന് ഔലിയാക്കളോട് തേടാം, മറഞ്ഞ കാര്യങ്ങൾ അവർ അറിയും, ക്വബ്ർ കെട്ടിപ്പൊക്കൽ, നഹ്സ്, മീലാദാഘോഷം, മാലകൾ, ആണ്ടറുതികൾ തുടങ്ങി ധാരാളം വിഷയങ്ങളിൽ ശിയാ ധാരയിലാണ് സമസ്ത ഉള്ളതെന്നും ഓർക്കാതെ പോകരുത്. തങ്ങൾ ശരിയെന്നവകാശപ്പെടുന്നതടക്കം എല്ലാ ത്വരീകത്തുകളും ശിയാബന്ധിതമാണെന്നും പൊള്ളത്തരങ്ങളുടെ കലവറയാണെന്നും അതിൽനിന്നെല്ലാം വിട്ടൊഴിയണമെന്നുമുള്ള സന്ദേശം സമസ്ത തന്നെ ഫത്‌വയിറക്കി സമുദായത്തെ അറിയിക്കാൻ തയ്യാറാകണം. അതിനുള്ള ആർജവം കാണിച്ചില്ലെങ്കിൽ അണികൾ മൊത്തം ശിയാക്കളായി മാറുന്ന കാലം അതിവിദൂരമല്ല. ■

> കൊടുത്ത കഴിവിൽനിന്ന് ഔലിയാക്കളോട് തേടാം, മറഞ്ഞ കാര്യങ്ങൾ അവർ അറിയും, ക്വബ്ർ കെട്ടിപ്പൊക്കൽ, നഹ്സ്, മീലാദാഘോഷം, മാലകൾ, ആണ്ടറുതികൾ തുടങ്ങി ധാരാളം വിഷയങ്ങളിൽ ശിയാ ധാരയിലാണ് സമസ്ത ഉള്ളതെന്നും ഓർക്കാതെ പോകരുത്. തങ്ങൾ ശരിയെന്നവകാശപ്പെടുന്നതടക്കം എല്ലാ ത്വരീക്വത്തുകളും ശിയാബന്ധിതമാണെന്നും പൊള്ളത്തരങ്ങളുടെ കലവറയാണെന്നും അതിൽനിന്നെല്ലാം വിട്ടൊഴിയണമെന്നുമുള്ള സന്ദേശം സമസ്ത തന്നെ ഫത്‌വയിറക്കി സമുദായത്തെ അറിയിക്കാൻ തയ്യാറാകണം.






# വർഗീയവാദികളെ തിരിച്ചറിയുക

നസീമ വാടാനപ്പള്ളി

മതത്തിൽ ബലപ്രയോഗമില്ല എന്ന് വ്യക്തമായി പഠിപ്പിച്ച മതമാണ് ഇസ്‌ലാം എന്നിരിക്കെ നിർബന്ധ മതപരിവർത്തനത്തിന് കൽപിക്കുന്ന മതമായി ഇസ്‌ലാമിനെയും അതിന് പരിശ്രമിക്കുന്നവരായി മുസ്‌ലിംകളെയും ആക്ഷേപിക്കുന്നത് തികഞ്ഞ അതിക്രമമാണ്. സ്ഥാപിത താൽപര്യങ്ങളാണ് അവരെ അതിനു പ്രേരിപ്പിക്കുന്നത്. പഹൽഗാമിലെ വെടിവയ്പ്പിനു പിന്നിൽ ഇസ്‌ലാമാണെന്നും ക്വുർആനാണെന്നും വരുത്തിത്തീർക്കാൻ സോഷ്യൽ മീഡിയയിൽ ഇറങ്ങിക്കളിച്ചവർ ഈ തൽപരകക്ഷികൾ തന്നെ.

അക്രമത്തിനിരയായ കുടുംബത്തിലെ ആതിര എന്ന ഹൈന്ദവ സ്ത്രീ വിപൽഘട്ടത്തിൽ തനിക്ക് താങ്ങും തണലുമായത് രണ്ടു മുസ്‌ലിംകളാണെന്നും എനിക്ക് രണ്ടു സഹോദരന്മാരെ കിട്ടി എന്നും മാധ്യമങ്ങളോടു പറഞ്ഞത് ഇഷ്ടപ്പെടാതെ അവർക്കെതിരെ തെറിയഭിഷേകം നടത്തുവാൻ തയ്യാറായതും ഈ സ്ഥാപിത താൽപര്യക്കാർ തന്നെ. സെയ്ദ് ആദിൽ ഹുസൈൻ ഷാ എന്ന യുവാവ് ജാതിയും മതവും നോക്കാതെ നിരപരാധികളെ രക്ഷിക്കാൻ ശ്രമിച്ചു. അദ്ദേഹം അക്രമികളുടെ തോക്കിനിരയായി. ഇതൊക്കെ മൂടിവെച്ചുകൊണ്ട്, കലിമ ചൊല്ലാൻ പറഞ്ഞ് വെടിവെച്ചു കൊന്നു എന്ന വാർത്തക്ക് അമിത പ്രാധാന്യം നൽകി സാമൂഹ്യ മാധ്യമങ്ങളിൽ ഈ തൽപരകക്ഷികൾ ആറാടുകയായിരുന്നു.

മനുഷ്യന്റെ ജീവനു മാത്രമല്ല അഭിമാനത്തിനും വില നൽകുന്ന മതമാണ് ഇസ്‌ലാം. ഇസ്‌ലാമിന്റെ യഥാർഥമായ ആദർശം പിൻപറ്റുന്നവരാണ് അതിന്റെ അനുയായികൾ; കേവലം നാമധാരികളോ വേഷധാരികളോ അല്ല.


പഹൽഗാമിൽ കൊല്ലപ്പെട്ടത് 26 പേരാണ്. അതിൽ 15 പേരും മുസ്‌ലികളായിരുന്നു എന്നത് വാർത്താമൂല്യം നേടിയിട്ടില്ല. കൊന്നത് മതം നോക്കിയിട്ടാണെങ്കിൽ, കൊന്നവരുടെ ആദർശം ഇസ്‌ലാമാണെങ്കിൽ 15 മുസ്‌ലിംകൾ കൊല്ലപ്പെടുമായിരുന്നോ?

മനസ്സിൽ മുസ്‌ലിം വിരുദ്ധത കൂടുകൂട്ടാത്തവർക്കൊക്കെ അറിയാം അക്രമികൾ ഒരു മതത്തിന്റെയും പിന്തുണയില്ലാത്ത തീവ്രവാദികളായിരുന്നു എന്ന്. അവരുടെ ലക്ഷ്യം തികച്ചും രാഷ്ട്രീയപരമാണ്. ഇന്ത്യയോടുള്ള പകയാണ്. രാജ്യത്തെ ഹൈന്ദവരെയും മുസ്‌ലിംകളെയും തമ്മിലടിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് അവർ കലിമ ചൊല്ലാൻ ആവശ്യപ്പെട്ട് വെടിവെച്ചത്. അതിന് സാക്ഷികളായ ചിലരെ കൊല്ലാതെ വിട്ടത് ഇക്കാര്യം ലോകത്തോടു വിളിച്ചുപറയാനാണ്. അപ്പോഴാണല്ലോ അവരുടെ ലക്ഷ്യം നിറവേറ്റപ്പെടുക.

അതിൽ അവർ ഒരളവോളം വിജയിക്കുകയും ചെയ്തു. പല സ്ഥലങ്ങളിലും വർഗീയ ചേരിതിരിവ് സംഭവിച്ചു. മുസ്‌ലിംകൾക്ക് എതിരായി എത്രയോ അക്രമങ്ങൾ നടന്നു. പലരും കൊല്ലപ്പെട്ടു. ഇപ്പോഴും അതിന്റെ തീ കെട്ടടങ്ങിയിട്ടില്ല.

വർഗീയ വാദികളെയും തീവ്രവാദികളെയും നാം തിരിച്ചറിയണം. അവരെ ഒറ്റപ്പെടുത്തണം. ഒറ്റക്കെട്ടായി അവർക്കെതിരിൽ നിലകൊള്ളണം. രാജ്യത്തിനകത്തുള്ളവരാണെങ്കിലും പുറത്തുള്ളവരാണെങ്കിലും ഭീകരപ്രവർത്തനം ചെയ്യുന്നവർ ഭീകരൻമാർ തന്നെ. ■

സയ്യിദ് സഅ്ഫർ സ്വാദിഖ് മദീനി
: 98467 97157



# ഹജ്ജ്: മാനവ സമത്വം വിളംബരം ചെയ്യുന്ന ആരാധന

മാനവരെയെല്ലാം അല്ലാഹു ഒരേ ആത്മാവിൽനിന്നാണ് സൃഷ്ടിച്ചിരിക്കുന്നത് എന്നാണ് ഇസ്‌ലാം പഠിപ്പിക്കുന്നത്. വിശുദ്ധ ഖുർആൻ പറയുന്നത് കാണുക: "മനുഷ്യരേ, നിങ്ങളെ ഒരേ ആത്മാവിൽനിന്ന് സൃഷ്ടിക്കുകയും, അതിൽനിന്നുതന്നെ അതിന്റെ ഇണയെയും സൃഷ്ടിക്കുകയും, അവർ ഇരുവരിൽനിന്നുമായി ധാരാളം പുരുഷൻമാരെയും സ്ത്രീകളെയും വ്യാപിപ്പിക്കുകയും ചെയ്തവനായ നിങ്ങളുടെ രക്ഷിതാവിനെ നിങ്ങൾ സൂക്ഷിക്കുവിൻ. ഏതൊരു അല്ലാഹുവിന്റെ പേരിൽ നിങ്ങൾ അന്യോന്യം ചോദിച്ചുകൊണ്ടിരിക്കുന്നുവോ അവനെ നിങ്ങൾ സൂക്ഷിക്കുക. കുടുംബബന്ധങ്ങളെയും (നിങ്ങൾസൂക്ഷിക്കുക). തീർച്ചയായും അല്ലാഹു നിങ്ങളെ നിരീക്ഷിച്ചുകൊണ്ടിരിക്കുന്നവനാകുന്നു" (നിസാഅ്: 1).

മാനവരെ മുഴുവനും പ്രപഞ്ച സ്രഷ്ടാവ് സൃഷ്ടിച്ചിരിക്കുന്നത് ഒരു പുരുഷനിൽനിന്നും സ്ത്രീയിൽ നിന്നുമാണ്. ആർക്കും ആരെക്കാളും യാതൊരു പ്രത്യേകതയുമില്ല; സൂക്ഷ്മതാബോധത്തിന്റെ അടിസ്ഥാനത്തിലല്ലാതെ. മനുഷ്യരെ വ്യത്യസ്ത ഗോത്രക്കാരും സമുദായക്കാരും വിഭാഗക്കാരും നാട്ടുകാരുമെല്ലാം ആക്കിയിട്ടുള്ളത് പരസ്പരം തിരിച്ചറിയാനാണ്. ഖുർആൻ പറയുന്നു:

“ആരെങ്കിലും ഒരു തിന്മ പ്രവർത്തിച്ചാൽ തത്തുല്യമായ പ്രതിഫലമേ അവന്നു നൽകപ്പെടുകയുള്ളൂ. സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്നതാരോ - പുരുഷനോ സ്ത്രീയോ ആകട്ടെ- അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. കണക്കുനോക്കാതെ അവർക്ക് അവിടെ ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കും'' (ഗാഫിർ: 40). ഈ സമത്വം ഇസ്‌ലാമിന്റെ എല്ലാ മേഖലകളിലും നടപ്പിലാക്കപ്പെടുന്നു, പ്രകടമാകുന്നു; പ്രത്യേകിച്ച് ഇസ്‌ലാം പടുത്തുയർത്തപ്പെട്ട അഞ്ച് തൂണുകളിലും. ഈ സമത്വത്തിന്റെ സന്ദേശം ലോകം മുഴുവനും ദർശിക്കുന്ന, അനുഭവിക്കുന്ന ഒരു ആരാധനാകർമമാണ് വിശുദ്ധ ഹജ്ജ്.

“ഹേ; മനുഷ്യരേ, തീർച്ചയായും നിങ്ങളെ നാം ഒരു ആണിൽനിന്നും ഒരു പെണ്ണിൽനിന്നുമായി സൃഷ്ടിച്ചിരിക്കുന്നു. നിങ്ങൾ അന്യോന്യം അറിയേണ്ടതിന് നിങ്ങളെ നാം വിവിധ സമുദായങ്ങളും ഗോത്രങ്ങളും ആക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും അല്ലാഹുവിന്റെ അടുത്ത് നിങ്ങളിൽ ഏറ്റവും ആദരണീയൻ നിങ്ങളിൽ ഏറ്റവും ധർമനിഷ്ഠ പാലിക്കുന്നവനാകുന്നു. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു'' (ഹുജുറാത്ത്: 13).

**ആണായാലും പെണ്ണായാലും...**

സ്ത്രീയാകട്ടെ, പുരുഷനാകട്ടെ, അറബിയാകട്ടെ, അനറബിയാകട്ടെ, പാശ്ചാത്യനോ പൗരസ്ത്യനോ ആരുമാകട്ടെ, വിശ്വാസിയായിക്കൊണ്ട് നന്മ ചെയ്താൽ അതിന് കൃത്യമായി പ്രതിഫലം നൽകപ്പെടും, തിന്മ ചെയ്താൽ അതിനുള്ള ശിക്ഷയും ലഭിക്കും. ക്വുർആനിന്റെ വാക്യം ശ്രദ്ധിക്കുക:

“ആണാകട്ടെ പെണ്ണാകട്ടെ, ആർ സത്യവിശ്വാസിയായിക്കൊണ്ട് സൽപ്രവൃത്തികൾ ചെയ്യുന്നുവോ അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവരോട് ഒരു തരിമ്പും അനീതി കാണിക്കപ്പെടുന്നതല്ല'' (നിസാഅ്: 124).

“ആരെങ്കിലും ഒരു തിന്മ പ്രവർത്തിച്ചാൽ തത്തുല്യമായ പ്രതിഫലമേ അവന്നു നൽകപ്പെടുകയുള്ളൂ. സത്യവിശ്വാസിയായിക്കൊണ്ട് സൽകർമം പ്രവർത്തിക്കുന്നതാരോ - പുരുഷനോ സ്ത്രീയോ ആകട്ടെ- അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. കണക്കുനോക്കാതെ അവർക്ക് അവിടെ ഉപജീവനം നൽകപ്പെട്ടുകൊണ്ടിരിക്കും'' (ഗാഫിർ: 40).

ഈ സമത്വം ഇസ്‌ലാമിന്റെ എല്ലാ മേഖലകളിലും നടപ്പിലാക്കപ്പെടുന്നു, പ്രകടമാകുന്നു; പ്രത്യേകിച്ച് ഇസ്‌ലാം പടുത്തുയർത്തപ്പെട്ട അഞ്ച് തൂണുകളിലും. ഈ സമത്വത്തിന്റെ സന്ദേശം ലോകം മുഴുവനും ദർശിക്കുന്ന, അനുഭവിക്കുന്ന ഒരു ആരാധനാകർമമാണ് വിശുദ്ധ ഹജ്ജ്.

**തൗഹീദാണ് അടിത്തറ**

തൗഹീദ് ശരിയാംവണ്ണം മനസ്സിലാക്കി, അംഗീകരിച്ച്, അതിനനുസരിച്ച് ആരാണോ ജീവിക്കുന്നത് അവരുടെ കർമങ്ങൾ മാത്രമെ പാരത്രികലോകത്ത് സ്വീകാര്യമാവുകയുള്ളൂ. തൗഹീദിൽ മായംകലർന്നവരുടെ കർമങ്ങൾ അസ്വീകാര്യമാണ്. അല്ലാഹു പറയുന്നത് കാണുക:

“അവർ പ്രവർത്തിച്ച കർമങ്ങളുടെ നേരെ നാം തിരിയുകയും നാമതിനെ ചിതറിയ ധൂളി പോലെ ആക്കിത്തീർക്കുകയും ചെയ്യും'' (ഫുർഖാൻ: 23).

“അവിശ്വസിച്ചവരാകട്ടെ, അവരുടെ കർമങ്ങൾ മരുഭൂമിയിലെ മരീചിക പോലെയാകുന്നു. ദാഹിച്ചവൻ അത് വെള്ളമാണെന്ന് വിചാരിക്കുന്നു. അങ്ങനെ അവൻ അതിന്നടുത്തേക്ക് ചെന്നാൽ അങ്ങനെ ഒന്ന് ഉള്ളതായിത്തന്നെ അവൻ കണ്ടെത്തുകയില്ല. എന്നാൽ തന്റെ അടുത്ത് അല്ലാഹുവെ അവൻ കണ്ടെത്തുന്നതാണ്. അപ്പോൾ (അല്ലാഹു) അവന്ന് അവന്റെ കണക്ക് തീർത്തുകൊടുക്കുന്നതാണ്. അല്ലാഹു അതിവേഗം കണക്ക് നോക്കുന്നവനത്രെ'' (നൂർ: 39).

ശിർക്ക് ചെയ്യുന്നവന്റെ കർമങ്ങൾ അസ്വീകാര്യമാണെന്നും അവന്റെ പാപങ്ങളൊന്നും പൊറുക്കപ്പെടില്ലെന്നും ക്വുർആൻ കൃത്യമായി പഠിപ്പിക്കുന്നത് കാണുക: “തന്നോട് പങ്കുചേർക്ക

> ഹജ്ജിനോ ഉംറക്കോ ഇഹ്‌റാം ചെയ്യുന്നതിലും മാനവസമത്വം നമുക്ക് ദർശിക്കാനാവും. പുരുഷന്മാരായ ഹാജിമാരെല്ലാം ഒരേതരം വസ്ത്രമാണ് ധരിക്കേണ്ടത്; ഉടുക്കാനൊരു മുണ്ടും പുതക്കാനൊരുതുണിയും. അവിടെ രാജാവിന്റെയും പ്രജയുടെയും വസ്ത്രത്തിൽ വ്യത്യാസമില്ല. പാവപ്പെട്ടവന് മറ്റൊരു വസ്ത്രവുമില്ല. അറബിയും അനറബിയും ധരിക്കേണ്ട വസ്ത്രത്തിൽ മാറ്റമില്ല, റബ്ബിന്റെ കൽപനയിൽ എല്ലാവരും ഒരുപോലെ; ഒരു മനസ്സോടെ

പ്പെടുന്നത് അല്ലാഹു ഒരിക്കലും പൊറുക്കുകയില്ല. അതൊഴിച്ചുള്ളതെല്ലാം അവൻ ഉദ്ദേശിക്കുന്നവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്'' (നിസാഅ്: 48).

ആരു തന്നെയാണെങ്കിലും വലിയ ശിർക്ക് ചെയ്ത് പശ്ചാത്തപിച്ച് മടങ്ങാതെ മരണപ്പെട്ടാൽ അവന്ന് സ്വർഗം നിഷിദ്ധമാണെന്നും നരകം ശാശ്വതമാണെന്നും ക്വുർആൻ പറയുന്നുണ്ട്.

ഈസാനബി(അ) തന്റെ ജനതയോട് പറഞ്ഞതായി അല്ലാഹു പറയുന്നത് കാണുക: "ഇസ്‌റാഈൽ സന്തതികളേ, എന്റെയും നിങ്ങളുടെയും രക്ഷിതാവായ അല്ലാഹുവെ നിങ്ങൾ ആരാധിക്കുവിൻ. അല്ലാഹുവോട് വല്ലവനും പങ്കുചേർക്കുന്നപക്ഷം തീർച്ചയായും അല്ലാഹു അവന്ന് സ്വർഗം നിഷിദ്ധമാക്കുന്നതാണ്. നരകം അവന്റെ വാസസ്ഥലമായിരിക്കുകയും ചെയ്യും. അക്രമികൾക്ക് സഹായികളായി ആരും തന്നെയില്ല'' (മാഇദ: 72).

ശിർക്ക് ചെയ്തവന്റെ കർമങ്ങൾ പൊളിഞ്ഞ് പോകുമെന്നും അവ സ്വീകരിക്കുകയില്ലെന്നും ക്വുർആൻ പറയുന്നത് കാണുക: "തീർച്ചയായും നിനക്കും നിന്റെ മുമ്പുള്ളവർക്കും സന്ദേശം നൽകപ്പെട്ടിട്ടുള്ളത് ഇതത്രെ: (അല്ലാഹുവിന്) നീ പങ്കാളിയെ ചേർക്കുന്നപക്ഷം തീർച്ചയായും നിന്റെ കർമം നിഷ്ഫലമായിപ്പോകുകയും തീർച്ചയായും നീ നഷ്ടക്കാരുടെ കൂട്ടത്തിൽ ആകുകയും ചെയ്യും'' (സുമർ: 65).

"തങ്ങളുടെ രക്ഷിതാവിനെ നിഷേധിച്ചവരെ, അവരുടെ കർമങ്ങളെ ഉപമിക്കാവുന്നത് കൊടുങ്കാറ്റുള്ള ഒരു ദിവസം കനത്ത കാറ്റടിച്ചു പാറിപ്പോയ വെണ്ണീറിനോടാകുന്നു. അവർ പ്രവർത്തിച്ചുണ്ടാക്കിയതിൽ നിന്ന് യാതൊന്നും അനുഭവിക്കാൻ അവർക്ക് സാധിക്കുന്നതല്ല. അതു തന്നെയാണ് വിദൂരമായ മാർഗഭ്രംശം'' (ഇബ്‌റാഹീം: 18).

തൗഹീദിന്റെ മഹത്ത്വവും പ്രാധാന്യവും ശിർക്കിന്റെ ഗൗരവവും അപകടവും മുകളിൽ വ്യക്തമാക്കിയ ആയത്തുകളിൽനിന്ന് നാം മനസ്സിലാക്കുകയുണ്ടായി. ഇസ്‌ലാമിന്റെ വിശ്വാസകാര്യങ്ങളിലും കർമ കാര്യങ്ങളിലും പ്രവാചകൻ(സ്വ) തന്റെ ജനതയെ ഒന്നാമതായി പഠിപ്പിച്ചത് തൗഹീദ് തന്നെയാണ്. ഇസ്‌ലാമിന്റെ പഞ്ചസ്തംഭങ്ങളിൽ അവസാനത്തെത് ഹജ്ജാണല്ലോ. ഹജ്ജിന്റെ ഓരോ സന്ദർഭത്തിലും തൗഹീദിന്റെ വിളംബരവും മാനവസമത്വവുമാണ് പ്രകടമാകുന്നതെന്ന് നമുക്ക് മനസ്സിലാക്കാം.

**നിർബന്ധ ബാധ്യത**

ഇസ്‌ലാം പഠിപ്പിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഹജ്ജ് ചെയ്യൽ നിർബന്ധമാണ്. ആരെങ്കിലുമത് നിഷേധിക്കുകയാണെങ്കിൽ അതിനെത്തൊട്ട് അല്ലാഹു ഐശ്വര്യവാനാണ്.

"മനുഷ്യർ അതിലേക്ക് ഹജ്ജ് തീർഥാടനം നടത്തൽ അവർക്ക് അല്ലാഹുവോടുള്ള ബാധ്യതയാകുന്നു. വല്ലവനും അവിശ്വസിക്കുന്നപക്ഷം അല്ലാഹു ലോകരെ ആശ്രയിക്കാത്തവനാകുന്നു'' (ഹജ്ജ്: 97).

ഈ ആയത്തിൽനിന്ന് ഹജ്ജ് ലോകരക്ഷിതാവായ അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചുകൊണ്ട് ആത്മാർഥതയോടെ നിർവഹിക്കേണ്ട ആരാധന കർമമാണെന്ന് വളരെ വ്യക്തമാണ്. ഒന്നുകൂടി വിശദമാക്കുന്നത് കാണുക:

"നിങ്ങൾ അല്ലാഹുവിന് വേണ്ടി ഹജ്ജും ഉംറയും പൂർണമായി നിർവഹിക്കുക'' (അൽബക്വറ:196).

ക്വുർആനിൽ ഹജ്ജിന്റെ വിധി പ്രസ്താവിക്കുന്ന സന്ദർഭത്തിൽ മനുഷ്യരെല്ലാം തന്നെ അല്ലാഹുവി

ന്റെ ഏകത്വം അംഗീകരിക്കേണ്ടതിന്റെയും അവനെ ഓർക്കേണ്ടതിന്റെയും അവനെമാത്രം ആരാധിക്കേണ്ടതി ന്റെയും ആവശ്യകത ഊന്നിപ്പറയുന്നുണ്ട്.

"(ഹജ്ജിനിടയിൽ) നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള ഭൗതികാനുഗ്രഹങ്ങൾ നിങ്ങൾ തേടുന്നതിൽ കുറ്റമൊന്നുമില്ല. അറഫാത്തിൽനിന്ന് നിങ്ങൾ പുറപ്പെട്ടുകഴിഞ്ഞാൽ മശ്അറുൽ ഹറാമിനടുത്തു വെച്ച് നിങ്ങൾ അല്ലാഹുവിനെ പ്രകീർത്തിക്കുവിൻ. അവൻ നിങ്ങൾക്ക് വഴികാണിച്ച പ്രകാരം നിങ്ങളവനെ ഓർക്കുവിൻ. ഇതിനു മുമ്പ് നിങ്ങൾ പിഴച്ചവരിൽ പെട്ടവരായിരുന്നാലും" (അൽബഖറ: 198).

**ഒരേതരം വസ്ത്രം**

ഹജ്ജിനോ ഉംറക്കോ ഇഹ്റാം ചെയ്യുന്നതിലും മാനവസമത്വം നമുക്ക് ദർശിക്കാനാവും. പുരുഷന്മാരായ ഹാജിമാരെല്ലാം ഒരേതരം വസ്ത്രമാണ് ധരിക്കേണ്ടത്; ഉടുക്കാനൊരു മുണ്ടും പുതക്കാനൊരു തുണിയും. അവിടെ രാജാവിന്റെയും പ്രജയുടെയും വസ്ത്രത്തിൽ വ്യത്യാസമില്ല. പാവപ്പെട്ടവന് മറ്റൊരു വസ്ത്രവുമില്ല. അറബിയും അനറബിയും ധരിക്കേണ്ട വസ്ത്രത്തിൽ മാറ്റമില്ല, റബ്ബിന്റെ കൽപനയിൽ എല്ലാവരും ഒരുപോലെ; ഒരു മനസ്സോടെ.

**ചുണ്ടുകളിൽ ഒരേ മന്ത്രം**

ഹജ്ജിന് ഇഹ്റാമിൽ പ്രവേശിച്ചതിന് ശേഷം ഓരോ ഹാജിയും ത്വവാഫ് ആരംഭിക്കുന്നതുവരെ തൽബിയത്ത് ചൊല്ലണം. ഇവിടെയും യാതൊരു വ്യത്യാസവുമില്ല. എല്ലാവരും ചൊല്ലുന്ന തൽബിയത്ത് അല്ലാഹുവിന്റെ ഏകത്വവും ആരാധ്യതയും ഏറ്റവും ഉദാത്തമായ രൂപത്തിൽ വ്യക്തമാക്കുന്നതാണ്.

'ലബ്ബൈകല്ലാഹുമ്മ ലബ്ബൈക്, ലബ്ബൈക ലാ ശരീക ലക ലബ്ബൈക്, ഇന്നൽ ഹംദ വന്നിഅ്മത ലക വൽമുൽക്, ലാ ശരീക ലക്' എന്നാണ് തൽബിയത്തിന്റെ രൂപം.

"അല്ലാഹുവേ, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, നിനക്ക് യാതൊരു പങ്കാളിയുമില്ല. നിന്റെ വിളിക്കിതാ ഞാൻ ഉത്തരം നൽകിയിരിക്കുന്നു, സ്തുതികളും അനുഗ്രഹവും മുഴുവനും നിനക്കാണ്; അധികാരവും. നിനക്ക് യാതൊരു പങ്കാളിയുമില്ല"(മുസ്‌ലിം).

**ഒരുപോലെ പ്രദക്ഷിണം ചെയ്യുന്നു**

ഹജ്ജിന്റെയും ഉംറയുടെയും പ്രധാനപ്പെട്ട കർമമാണ് അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുകയും ആരാധിക്കുകയും ചെയ്യുന്ന ത്വവാഫ്. മലക്കുകളാൽ അസ്തിവാരമിട്ടതിൽനിന്നും ഇബ്റാഹീം നബി(അ)യും ഇസ്മാഈൽ നബി(അ)യും പടുത്തുയർത്തിയ കഅ്ബക്ക് ചുറ്റും ത്വവാഫ് ചെയ്യണമെന്ന കൽപന വിശ്വാസി അംഗീകരിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നു. ഈ രണ്ട് നബിമാരോടും അല്ലാഹു പറയുന്നു: "...ഇബ്റാഹീമിന്നും ഇസ്മാഈലിന്നും നാം കൽപനനൽകിയത്, ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്കും ഇഅ്തികാഫ് (ഭജന) ഇരിക്കുന്നവർക്കും തലകുനിച്ചും സാഷ്ടാംഗം ചെയ്തും നമസ്കരിക്കുന്ന(പ്രാർഥിക്കുന്ന)വർക്കും വേണ്ടി എന്റെ ഭവനത്തെ നിങ്ങൾ ഇരുവരും ശുദ്ധമാക്കിവെക്കുക എന്നായിരുന്നു" (അൽബഖറ: 125).

"ഇബ്റാഹീമിന് ആ ഭവനത്തിന്റെ (കഅ്ബയുടെ) സ്ഥാനം നാം സൗകര്യപ്പെടുത്തി കൊടു



ത്ത സന്ദർഭം (ശ്രദ്ധേയമത്രെ). യാതൊരു വസ്തുവെയും എന്നോട് നീ പങ്കുചേർക്കരുത് എന്നും ത്വവാഫ് (പ്രദക്ഷിണം) ചെയ്യുന്നവർക്ക് വേണ്ടിയും നിന്നും കുനിഞ്ഞും സാഷ്ടാംഗത്തിലായിക്കൊണ്ടും പ്രാർഥിക്കുന്നവർക്ക് വേണ്ടിയും എന്റെ ഭവനം ശുദ്ധമാക്കിവെക്കണം എന്നും (നാം അദ്ദേഹത്തോട് നിർദേശിച്ചു)" (അൽഹജ്ജ്: 26).

**സ്വഫയിലും മർവയിലും**

ഹജ്ജിന്റെയും ഉംറയുടെയും അനിവാര്യഘടകമാണ് സഫാമർവക്കിടയിലുള്ള സഅ്യ്. ഇതും എല്ലാവർക്കും ബാധകമാണ്. സ്വഫാ മലയിലേക്ക് കയറുമ്പോൾ പാരായണം ചെയ്യാൻ സുന്നത്താക്കിയ ആയത്തും ഇസ്‌ലാമിന്റെ ചിഹ്നങ്ങളെ ആദരിക്കാനും ഉയർത്തിപ്പിടിക്കാനും ആഹ്വാനം ചെയ്യുന്നതാണ്. ശേഷം കിബ്‌ലക്ക് അഭിമുഖമായി ഓരോ ഹാജിയും നടത്തുന്ന പ്രാർഥന അല്ലാഹുവിന്റെ ഏകത്വവും അവന്റെ ഔന്നിത്യവും മഹത്ത്വവും വ്യക്തമാക്കുന്നതാണ്. അതുമായി ബന്ധപ്പെട്ട ഹദീസ് കാണുക:

ജാബിർ(റ) നബി(സ്വ)യുടെ ഹജ്ജിനെക്കുറിച്ച് ഇങ്ങനെ വിശദീകരിക്കുകയുണ്ടായി; നബി (സ്വ) പറഞ്ഞു: 'അല്ലാഹു ആരംഭിച്ചതുകൊണ്ട് ഞാനും ആരംഭിക്കുന്നു.' അങ്ങനെ സ്വഫ കൊണ്ട് ആരംഭിച്ച് അതിലേക്ക് കയറി കഅ്ബയെ കാണുന്ന രൂപത്തിൽ അതിലേക്ക് തിരിഞ്ഞുകൊണ്ട് അല്ലാഹുവിനെ മഹത്ത്വപ്പെടുത്തുകയും ഏകനാക്കുകയും ചെയ്തുകൊണ്ട് പറയുകയുണ്ടായി: 'ലാ ഇലാഹ ഇല്ലല്ലാഹ്, വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വ ലഹുൽ ഹംദ്,

> ആരാണോ അറഫാ മൈതാനിയുടെ അതിരുകൾക്കുള്ളിൽ നിൽക്കുന്നത് അവന് ഹജ്ജ് ലഭിക്കും. ആരാണോ ആ അതിരുകൾക്ക് പുറത്ത് നിൽക്കുന്നത് അവൻ ആരാണെങ്കിലും ശരി അവന് ഹജ്ജ് ലഭിക്കുകയുമില്ല. ഇവിടെയും എല്ലാവരും ഒരുപോലെയാണ്. സൂര്യാസ്തമയത്തോടെ അറഫയിലെ നിറുത്തം കഴിഞ്ഞ് ഹാജിമാരെല്ലാം ഒരുപോലെ അല്ലാഹുവിന്റെ വിനീതരായ ദാസന്മാരായി, ഞാൻ വലിയവൻ, അവൻ ചെറിയവൻ, ഞാൻ അറബിയാണ്, ഞാനാണ് ആദ്യം പ്രവേശിക്കേണ്ടത്, എനിക്ക് അനറബിയെക്കാൾ മഹത്ത്വമുണ്ട് എന്നിങ്ങനെ യാതൊരു അഹന്തയോ, അഹംഭാവമോ ഒന്നുമില്ലാതെ എല്ലാവരും സമന്മാരായി മുസ്ദലിഫയിലേക്ക് ഒഴുകുന്നു.

വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ, ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു, അൻജസ വഅ്ദഹു, വ നസ്വറ അബ്ദഹു, വ ഹസമൽ അഹ്‌സാബ വഹ്ദഹു.'

"അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനാണ്, അവനൊരു പങ്കാളിയുമില്ല, അവനാണ് ആധിപത്യം മുഴുവനും, അവനാണ് സ്തുതികൾ മുഴുവനും, അവൻ എല്ലാത്തിനും കഴിവുള്ളവനാണ്. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനാണ്, അവന്റെ കരാർ അവൻ നിറവേറ്റി, അവൻ അവന്റെ അടിമയെ സഹായിച്ചു, അവൻ ഒറ്റക്ക് കക്ഷികളെ പരാജയപ്പെടുത്തുകയും ചെയ്തു" (മുസ്‌ലിം). ഇത് മൂന്നു തവണ പ്രാർഥിക്കൽ സുന്നത്താണ്. ഇത് സ്വഫയിൽവെച്ച് പ്രാർഥിക്കുന്നത് പോലെ മർവയിലും പ്രാർഥിക്കണം.

**മിനായിലും അറഫയിലും**

ഹജ്ജിന്റെ മശാഇറുകളായ മിനാ, അറഫ, മുസ്ദലിഫ പോലെയുള്ള സ്ഥലങ്ങളിലും അല്ലാഹുവിന്റെ ഏകത്വം അംഗീകരിക്കുകയും പ്രഖ്യാപിക്കുകയും ഉന്നതമാക്കുകയും ചെയ്യുന്ന കാര്യങ്ങൾതന്നെയാണ് ചെയ്യാനുള്ളത്. ഇവിടെയും ആർക്കും പ്രത്യേകമായി യാതൊരു പരിഗണനയോ പ്രാധാന്യമോ ഇല്ല. എല്ലാവരും സമന്മാരാണ്. ദുൽഹിജ്ജ 9ന് ഉച്ചയോടെയാണ് അറഫയിലേക്ക് ഹാജിമാർ പ്രവേശിക്കേണ്ടത്. അറഫയിലും അറഫക്ക് പുറത്തുമായി സ്ഥിതിചെയ്യുന്ന വിശാലമായി നമിറ പള്ളിയിൽവെച്ച് ഖാദിമുൽ ഹറമൈനിശ്ശരീഫൈനി എന്ന പേരിലറിയപ്പെടുന്ന, സുഊദി അറേബ്യയുടെ ഭരണാധികാരി നിശ്ചയിക്കുന്ന ഹജ്ജിന്റെ ഇമാം ഖുത്വുബ നടത്തും. സാധാരണ ഈ ഖുത്വുബ മനുഷ്യരെ മുഴുവൻ അഭിസംബോധന ചെയ്തുകൊണ്ടാണ് ആരം

ഭിക്കുക. അല്ലാഹുവിന്റെ ഏകത്വവും തൗഹീദും ഔന്നിത്യവും ഉറക്കെ പ്രഖ്യാപിച്ചുകൊണ്ടാണ് ആരംഭിക്കുക. ശേഷം ഇസ്‌ലാമിന്റെ ശരീഅത്തും അതിന്റെ പ്രാധാന്യവും വ്യക്തമാക്കിക്കൊണ്ട് കടന്നുപോകുന്ന ഖുത്വുബ ആനുകാലിക വിഷയങ്ങളെ പരാമർശിച്ച് അതിൽ ഒരു മുസ്‌ലിമിന്റെ നിലപാടെന്തെന്നും വ്യക്തമാക്കുന്നു. ശേഷം സ്രഷ്ടാവും സംരക്ഷകനുമായ അല്ലാഹുവിനോട് പ്രാർഥിച്ചാണ് ഇത് അവസാനിക്കുക.

ശേഷം ദുഹ്‌റും അസ്വ്‌റും ജംഉം ക്വസ്‌റുമായി നമസ്‌കരിക്കുന്നു. തുടർന്ന് സൂര്യാസ്തമയംവരെ അല്ലാഹുവിനോട് പ്രാർഥിക്കലാണ് ഹാജിമാർക്ക് അറഫയിൽ ചെയ്യാനുള്ള ആരാധന. അറഫയിലെ ഏറ്റവും ശ്രേഷ്ഠമായ പ്രാർഥനയായി റസൂലുല്ലാഹി(സ്വ) പഠിപ്പിച്ചുതന്നത് ‘ലാ ഇലാഹ ഇല്ലല്ലാഹു വഹ്ദഹു ലാ ശരീക ലഹു, ലഹുൽ മുൽകു വലഹുൽ ഹംദു, വഹുവ അലാ കുല്ലി ശൈഇൻ ക്വദീർ’ എന്നതാണ്. തൗഹീദിന്റെ മഹത്ത്വം ലോകത്തോട് പ്രഖ്യാപിക്കുന്ന ഈ പ്രാർഥന ഹാജിമാർ അറഫാ മൈതാനിയിൽ ഉരുവിട്ടുകൊണ്ടേയിരിക്കും.

നബി(സ്വ) പറഞ്ഞു: “ഏറ്റവും ശ്രേഷ്ഠമായ പ്രാർഥന അറഫാദിനത്തിലെ പ്രാർഥനയാണ്. ഞാനും എനിക്ക് മുമ്പുള്ള പ്രവാചകന്മാരും പറഞ്ഞതിൽ ഏറ്റവും ശ്രേഷ്ഠമായത് (ഇതാണ്:) ‘അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റാരുമില്ല, അവൻ ഏകനും പങ്കുകാരില്ലാത്തവനുമാണ്. അവനാണ് അധികാരം, അവനാണ് സ്തുതികൾ മുഴുവനും, അവൻ എല്ലാറ്റിനും കഴിവുള്ളവുമാണ്” (തിർമിദി).

ആരാണോ അറഫാ മൈതാനിയുടെ അതിരുകൾക്കുള്ളിൽ നിൽക്കുന്നത് അവന് ഹജ്ജ് ലഭിക്കും. ആരാണോ ആ അതിരുകൾക്ക് പുറത്ത് നിൽക്കുന്നത് അവൻ ആരാണെങ്കിലും ശരി അവന് ഹജ്ജ് ലഭിക്കുകയുമില്ല. ഇവിടെയും എല്ലാവരും ഒരുപോലെയാണ്. സൂര്യാസ്തമയത്തോടെ അറഫയിലെ നിറുത്തം കഴിഞ്ഞ് ഹാജിമാരെല്ലാം ഒരുപോലെ അല്ലാഹുവിന്റെ വിനീതരായ ദാസന്മാരായി, ഞാൻ വലിയവൻ, അവൻ ചെറിയവൻ, ഞാൻ അറബിയാണ്, ഞാനാണ് ആദ്യം പ്രവേശിക്കേണ്ടത്, എനിക്ക് അനറബിയെക്കാൾ മഹത്ത്വമുണ്ട് എന്നിങ്ങനെ യാതൊരു അഹന്തയോ, അഹംഭാവമോ ഒന്നുമില്ലാതെ എല്ലാവരും സമന്മാരായി മുസ്ദലിഫയിലേക്ക് ഒഴുകുന്നു. അപ്പോഴും തൗഹീദിന്റെ മന്ത്രമായ തൽബിയത്താണ് അവരുടെയെല്ലാം ചുണ്ടുകളിൽനിന്ന് ഒഴുകിക്കൊണ്ടിരിക്കുന്നത്.



### വിശാലമായ മുസ്ദലിഫ

മുസ്ദലിഫയിലെ വിശാലമായ മൈതാനിയിലെത്തി മഗ്‌രിബും ഇശാഉം ജംഉം ക്വസ്‌റുമായി നമസ് കരിച്ച് ആകാശമെന്ന വിശാല മേൽകൂരക്ക് കീഴിൽ, അനന്തവിശാലമായ ഭൂമിയെന്ന മെത്തയിൽ ഹാജിമാരെല്ലാം തുല്യരായി, യാതൊരു വ്യത്യാസവും കൂടാതെ ഉറങ്ങുകയെന്ന ആരാധനയിലേക്ക് പ്രവേശിക്കുന്നു. ശേഷം ദുൽഹിജ്ജ പത്തിന്റെ സുബ്ഹി അവിടെ വെച്ച് എല്ലാവരും നിർവഹിച്ച് മശ്ഹരിൽ ഹറാം എന്ന മസ്ജിദിനും ക്വിബ്‌ലക്കും അഭിമുഖമായി നിന്ന് കൈകളുയർത്തി സൂര്യോദയംവരെ അല്ലാഹുവിനോട് പ്രാർഥിക്കുന്നു. ഈ ആരാധനയും എല്ലാവരും ഒരുപോലെ ചെയ്യുന്നു. ഈ സമയത്തു് അല്ലാഹുവിന്റെ ഏകത്വവും മഹത്ത്വവും

ഔന്നിത്യവും വിളിച്ചോതുന്ന തഹ്‌ലീലും തക്ബീറും തഹ്മീദും ഹാജിമാരുടെ നാവിലൂടെ അന്തരീക്ഷത്തിൽ മുഴങ്ങിക്കൊണ്ടിരിക്കും.

**ദുൽഹിജ്ജ പത്ത്**

ഹജ്ജുൽ അക്ബർ; യൗമുന്നഹ്ർ എന്നീ പേരിലെല്ലാം അറിയപ്പെടുന്ന ദുൽഹിജ്ജ പത്തിന് രാവിലെ മിനായിലെത്തി, മക്കയോട് അടുത്ത് നിൽക്കുന്ന ജംറതുൽ അക്വബ, ജംറതുൽ കുബ്റാ എന്നീ പേരിലറിയപ്പെടുന്ന ജംറകളിൽ തക്ബീർ ചൊല്ലി ഒന്നിനുപുറകെ ഒന്നായി ഏഴ് കല്ലുകൾ എറിയുന്നതിലും എല്ലാവരും തുല്യരാണ്. ഈ കർമവും എല്ലാവരും ചെയ്യണം. ആർക്കും ആരെക്കാളും യാതൊരു പരിഗണനയോ പ്രത്യേകതയോ ഇളവോ ഇല്ല. അതെ, വിവരിക്കാൻ കഴിയാത്തത്ര വൈവിധ്യവും വൈജാത്യങ്ങളും ഭാഷകളും വേഷങ്ങളും നിറങ്ങളുമുള്ള ഹാജിമാർ റബ്ബ് എന്ത് പറഞ്ഞാലും ഞാനത് അംഗീകരിക്കുകയും പ്രവർത്തിക്കുകയും ചെയ്യുമെന്ന ദൃഢനിശ്ചയത്തോടെയാണ് ഈകർമവും ചെയ്യുന്നത്.

ശേഷം ഹജ്ജിന്റെ ഭാഗമായുള്ള ബലിയും (ബാധ്യതയുള്ള) മുഴുവൻ ഹാജിമാരും നിർവഹിക്കുന്നു. എന്നെ സൃഷ്ടിച്ച എന്റെ റബ്ബിന് മാത്രമെ ഞാൻ ബലിയറുക്കൂവെന്ന് അംഗീകരിച്ചുകൊണ്ടാണ് ഓരോ ഹാജിയും ബലിയറുക്കേണ്ടത്. ഇതിലൂടെ എന്റെ പ്രാർഥനയും നേർച്ചയും ബലിയും ജീവിതവും മരണവുമെല്ലാം ഏകനും ഒരു പങ്കുകാരനുമില്ലാത്ത അല്ലാഹുവിനാണ് എന്നാണ് മുഴുവൻ ഹാജിമാരും പ്രഖ്യാപിക്കുന്നത്. ഇതിലും എല്ലാവരും തുല്യരാണ്. അല്ലാഹു പറഞ്ഞു: "ആകയാൽ നീ നിന്റെ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയർപ്പിക്കുകയും ചെയ്യുക" (അൽകൗസർ: 2).

"പറയുക; തീർച്ചയായും എന്റെ പ്രാർഥനയും എന്റെ ആരാധനാകർമങ്ങളും എന്റെ ജീവിതവും എന്റെ മരണവും ലോകരക്ഷിതാവായ അല്ലാഹുവിന്നുള്ളതാകുന്നു" (അൽഅൻആം: 162). ശേഷം മുടി കളയുന്നതും അല്ലാഹുവിന്റെ നിയമത്തിനും പ്രവാചകചര്യക്കും ഞാനിതാ കീഴൊതുങ്ങുന്നുവെന്ന് പ്രഖ്യാപിച്ചാണ്. പിന്നീടു ചെയ്യേണ്ട ത്വവാഫുൽ ഇഫാദ, സഅ്‌യ് എന്നിവയിലും എല്ലാവരും ഒരുപോലെയാണ്.

ചുരുക്കിപ്പറഞ്ഞാൽ, വിശുദ്ധ ഹജ്ജ്കർമം സ്രഷ്ടാവിന്റെ മുന്നിൽ എല്ലാവരും സമന്മാരാണ്; തക്വ്‌വ കൊണ്ടു മാത്രമെ ആർക്കും ഉന്നതനാകാൻ കഴിയൂ എന്ന, സമത്വത്തിന്റെ സന്ദേശമാണ് നൽകുന്നത്.■



**ഉസ്മാൻ പാലക്കാഴി**
: 9656 292 244

'തവക്കൽതു അലല്ലാഹ്' എന്നെഴുതിയ സ്റ്റിക്കർ പലരും വീട്ടിലും വാഹനത്തിലുമൊക്കെ ഒട്ടിക്കാറുണ്ട്. ചിലർക്കെങ്കിലും അതിന്റെ അർഥം അറിയില്ല. 'ഞാൻ അല്ലാഹുവിൽ ഭരമേൽപിച്ചിരിക്കുന്നു' എന്നതാണ് അതിന്റെ അർഥം. മനസ്സിൽ നിന്നാണ് ഇതുണ്ടാകുന്നത്.

അല്ലാഹുവിനുള്ള ആരാധനയുടെ ഇനങ്ങളിലെ സുപ്രധാനമായ ഒന്നാണിത്. അല്ലാഹു പറയുന്നു: "നിങ്ങൾ വിശ്വാസികളാണെങ്കിൽ അല്ലാഹുവിൽ നിങ്ങൾ ഭരമേൽപിക്കുക" (ക്വുർആൻ 5:23).

ഈമാനിന്റെയും ഇസ്‌ലാമിന്റെയും നിബന്ധകളിൽ പെട്ടതാണ് അല്ലാഹുവിൽ ഭരമേൽപിക്കുക എന്നത്. "മൂസാ പറഞ്ഞു: 'എന്റെ ജനങ്ങളേ, നിങ്ങൾ അല്ലാഹുവിൽ വിശ്വസിച്ചിട്ടുണ്ടെങ്കിൽ അവന്റെ മേൽ നിങ്ങൾ ഭരമേൽപിക്കുക. നിങ്ങൾ അവന്ന് കീഴ്പ്പെട്ടവരാണെങ്കിൽ." (10:84).

തൗഹീദിന്റെ മുഖ്യവും ഉന്നതവുമായ സ്ഥാനത്ത് നിൽക്കുന്നതുമാണത്. കാരണം അതിലൂടെയാണ് സൽകർമങ്ങളുണ്ടാകുന്നത്. മതപരവും ഭൗതികവുമായ എല്ലാ കാര്യങ്ങളിലും അല്ലാഹുവിൽ മാത്രം ഭരമേൽപിച്ചാൽ അല്ലാഹുവോടുള്ള ആത്മാർഥതയും (ഇഖ്‌ലാസും) ബന്ധവും നന്നായി.

"ഉദയസ്ഥാനത്തിന്റെയും അസ്തമയസ്ഥാനത്തിന്റെയും രക്ഷിതാവാകുന്നു അവൻ. അവനല്ലാതെ യാതൊരു ദൈവവുമില്ല. അതിനാൽ ഭരമേൽപിക്കപ്പെടേണ്ടവനായി അവനെ സ്വീകരിക്കുക" (73:9).

"വല്ലവനും അല്ലാഹുവിന്റെ മേൽ ഭരമേൽപിക്കുന്നപക്ഷം അവന്ന് അല്ലാഹു തന്നെ മതിയാകുന്നതാണ്... (65:3).

ഇബ്നുൽ ക്വയ്യിം(റഹി) പറയുന്നു: "അല്ലാഹുവിൽ ഭരമേൽപിക്കൽ ഈമാനിന്റെ നിബന്ധനയാക്കിവെച്ചിരിക്കുകയാണ്. ഒരു അടിമയുടെ വിശ്വാസം ശക്തിപ്പെടുന്നതനുസരിച്ച് തവക്കുലിനും ശക്തി കൂടിവരുന്നു. വിശ്വാസം ദുർബലപ്പെട്ടാൽ തവക്കുലും




# ഭരമേൽപിക്കുന്നതിലെ ശിർക്ക്

ദുർബലപ്പെടും. തവക്കുൽ ദുർബലമാണെങ്കിൽ അത് വിശ്വാസ ദൗർബല്യത്തിന്റെ അടയാളമാണ്. അല്ലാഹു വിശുദ്ധ ഖുർആനിൽ പലയിടങ്ങളിലും തവക്കുലിനെയും ആരാധനയെയും, തവക്കുലിനെയും വിശ്വാസത്തെയും, തവക്കുലിനെയും തക്‌വയെയും, തവക്കുലിനെയും ഇസ്‌ലാമിനെയും, തവക്കുലിനെയും ഹിദായത്തിനെയും ഒന്നിപ്പിച്ചുകൊണ്ടാണ് പറയുന്നത്. ഈമാനിന്റെയും ഇഹ്സാനിന്റെയും ഇസ്‌ലാമിലെ സകല കർമങ്ങളുടെയും അടിസ്ഥാനം തവക്കുലാണെന്ന് ഇതിൽനിന്നും നമുക്ക് മനസ്സിലാക്കാം. ശരീരത്തിൽ തലക്കുള്ള സ്ഥാനമാണ് ഇസ്‌ലാമിൽ തവക്കുലിനുള്ളത്. തലയില്ലാതെ ശരീരത്തിന്റെ നിലനിൽപ്പ് അസാധ്യം. അതേപ്രകാരം വിശ്വാസവും അതിന്റെ പ്രവർത്തനങ്ങളും തവക്കുലിൽ അധിഷ്ഠിതമാണ്."

വിശ്വാസിയുടെ ഏറ്റവും നല്ല വിശേഷണമായിട്ടാണ് അല്ലാഹു തവക്കുലിനെ പരിചയപ്പെടുത്തുന്നത്: "അല്ലാഹുവെപ്പറ്റി പറയപ്പെട്ടാൽ ഹൃദയങ്ങൾ പേടിച്ച് നടുങ്ങുകയും അവന്റെ ദൃഷ്ടാന്തങ്ങൾ വായിച്ചു കേൾപിക്കപ്പെട്ടാൽ വിശ്വാസം വർധിക്കുകയും തങ്ങളുടെ രക്ഷിതാവിന്റെ മേൽ ഭരമേൽപിക്കുകയും ചെയ്യുന്നവർ മാത്രമാണ് സത്യവിശ്വാസികൾ" (ക്വുർആൻ 8:2).

വിശ്വാസിയുടെ മൂന്ന് ഗുണങ്ങൾ ഈ വചനത്തിലൂടെ അല്ലാഹു എടുത്തുപറയുന്നു. 1) ഭയം. 2) വിശ്വാസ വർധനവ്. 3) അല്ലാഹുവിൽ മാത്രം ഭരമേൽപിക്കൽ.

അല്ലാഹുവിൽ ഭരമേൽപിക്കുന്നത് കാരണങ്ങളുമായി ബന്ധപ്പെടുന്നതിനോ, കാരണങ്ങളെ സ്വീകരിക്കുന്നതിനോ എതിരല്ല. കാരണങ്ങളുമായി ബന്ധപ്പെടുത്തിക്കൊണ്ടാണ് അല്ലാഹുവിന്റെ ഖദ്റുകൾ തീരുമാനിക്കപ്പെട്ടിട്ടുള്ളത്. തവക്കുലിന് അല്ലാഹുവിന്റെ കൽപനയുള്ളതോടൊപ്പം തന്നെ കാരണങ്ങളുമായി ബന്ധപ്പെടാനും അവൻ കൽപിക്കുന്നു. അപ്പോൾ കാരണങ്ങളുമായി ബന്ധപ്പെടലും അല്ലാഹുവിന്നുള്ള അനുസരണമാണ്. തവക്കുൽ ഹൃദയംകൊണ്ടുള്ള പ്രവർത്തനമാണെങ്കിൽ ഇത് അവയവങ്ങൾ കൊണ്ടുള്ള പ്രവർത്തനമാണ്.

പലരും അല്ലാഹുവല്ലാത്തവരിൽ ഭരമേൽപിക്കുന്നവരായി ഉണ്ട്. കന്നുകാലികളെയും കൃഷിയെയുമൊക്കെ സംരക്ഷിക്കാൻ മരണപ്പെട്ടവരുടെ പേരിൽ നേർച്ചയാക്കുന്നവർ അവരിൽ തവക്കുൽ ചെയ്യുകയാണ് ചെയ്യുന്നത്. രോഗം മാറുവാനും ആപത്തുകൾ തടയാനുമൊക്കെ ഐക്കല്ലും ഏലസ്സും കെട്ടുന്നവരും അല്ലാഹുവിലല്ല തവക്കുൽ ചെയ്യുന്നത്.

എന്നാൽ വാങ്ങുക, വിൽക്കുക തുടങ്ങി കഴിവുള്ള കാര്യങ്ങൾ മറ്റൊരു വ്യക്തിയെ ഏൽപിക്കൽ അനുവദനീയമാണ്. പക്ഷേ, അവനിൽ ഏൽപിച്ച കാര്യങ്ങളിൽ ഗുണം ലഭിക്കാനും കാര്യങ്ങൾ എളുപ്പവും ലളിതവുമാകാനും അല്ലാഹുവിലാണ് ഭരമേൽപിക്കേണ്ടത്. കാര്യങ്ങൾ നേടാൻ ഒരു വ്യക്തിയിൽ ഭരമേൽപിക്കൽ കാരണങ്ങളുമായി ബന്ധപ്പെടലാണ്. കാരണങ്ങളിൽ മാത്രം അവലംബിക്കരുത്. മറിച്ച് ആ കാരണങ്ങളെ ഉണ്ടാക്കിയ അല്ലാഹുവിലാണ് ഭരമേൽപിക്കേണ്ടത്. ■




# അനന്തരാവകാശ നിയമങ്ങൾ

ഏറ്റവും പ്രധാനപ്പെട്ട വിജ്ഞാനങ്ങളിലൊന്നാകുന്നു അനന്തരാവകാശ നിയമ വിജ്ഞാനം. അതിനാൽ അതിനെ ശ്രദ്ധാപൂർവം അറിയലും അഭ്യസിക്കലും മുസ്‌ലിംകളുടെമേൽ നിർബന്ധമാകുന്നു. കാരണം ആവശ്യകത അത് തേടുന്നുണ്ട്.

ഈ വിജ്ഞാനത്തിന് 'ഫറാഇദ്'(فَرَائِض) എന്നു പേരുവെക്കപ്പെട്ടിരിക്കുന്നു. ഫരീദത്തിന്റെ(فَرِيضَة) ബഹുവചനമാണ് ഫറാഇദ്. അത് 'ഫറ്ദി'ൽ(فَرْض)നിന്ന് എടുക്കപ്പെട്ടതാണ്. 'നിശ്ചയിക്കുക' എന്നാണ് അതിന്റെ അർഥം. അല്ലാഹു പറഞ്ഞതുപോലെ:

"നിങ്ങൾ നിശ്ചയിച്ചതിന്റെ പകുതി (നിങ്ങൾ നൽകേണ്ടതാണ്)" (ക്വുർആൻ 2: 237). അഥവാ നിങ്ങൾ ക്വദ്‌റാക്കിയത് (നിശ്ചയിച്ചത്). അവകാശിക്കു മതപരമായി നിശ്ചയിക്കപ്പെട്ട വിഹിതമാകുന്ന മതത്തിന്റെ ഭാഷയിൽ ഫറ്ദ്.

അനന്തരസ്വത്തുകളുടെ വിഷയം ശ്രദ്ധിക്കൽ മുസ്‌ലിമിനു നിർബന്ധമാണ്. മതപരമായ അതിന്റെ നിലപാടിനു മാറ്റം വരുത്തുന്ന കൈക്രിയകൾ അവനതിൽ ചെയ്യുവാൻ പാടുള്ളതല്ല. അങ്ങനെയായാൽ അനന്തരാവകാശിയല്ലാത്തവൻ അനന്തരമെടുക്കുകയും അനന്തരാവകാശി തന്റെ അവകാശത്തിൽനിന്ന് മൊത്തമായോ അല്ലെങ്കിൽ ഭാഗികമായോ തടയപ്പെടുകയും ചെയ്യും. അതിനാൽ അയാൾ അല്ലാഹുവിന്റെ കോപത്തിനും ശിക്ഷക്കും സ്വന്തത്തെ വിധേയമാക്കുകയാണ് ചെയ്യുന്നത്.

‘ഇൽമുൽഫറാഇദ്’(عِلْمُ الْفَرَائِض) എന്നാൽ അനന്തരാവകാശത്തിന്റെ മതവിധികൾ അറിയുക, അനന്തരസ്വത്ത് വീതിക്കുന്നതിനുള്ള കണക്കറിയുക തുടങ്ങിയുള്ള വിജ്ഞാനമാകുന്നു. മീറാസിന്റെ ബഹുവചനമാകുന്നു മവാരീസ്. മയ്യിത്തിൽനിന്ന് അനന്തരമാക്കപ്പെടുന്നതും അനന്തരാവകാശിക്ക് നൽകപ്പെടുന്നതുമായ അവകാശമാണ് ‘മീറാസ്’ (مِيرَاث).

അനന്തരസ്വത്തുകളുടെ വിഷയം ശ്രദ്ധിക്കൽ മുസ്‌ലിമിനു നിർബന്ധമാണ്. മതപരമായ അതിന്റെ നിലപാടിനു മാറ്റം വരുത്തുന്ന കൈക്രിയകൾ അവനതിൽ ചെയ്യുവാൻ പാടുള്ളതല്ല. അങ്ങനെയായാൽ അനന്തരാവകാശിയല്ലാത്തവൻ അനന്തരമെടുക്കുകയും അനന്തരാവകാശി തന്റെ അവകാശത്തിൽനിന്ന് മൊത്തമായോ അല്ലെങ്കിൽ ഭാഗികമായോ തടയപ്പെടുകയും ചെയ്യും. അതിനാൽ അയാൾ അല്ലാഹുവിന്റെ കോപത്തിനും ശിക്ഷക്കും സ്വന്തത്തെ വിധേയമാക്കുകയാണ് ചെയ്യുന്നത്.

**അവകാശങ്ങൾ**

അനന്തരസ്വത്തുമായി ബന്ധപ്പെട്ട അവകാശങ്ങൾ: മയ്യിത്ത് വിട്ടേച്ചുപോകുന്ന സമ്പത്തുകൾ, വസ്തുവകകൾ, അവകാശങ്ങൾ എന്നിവയാണ് ‘തരികത്ത്’ (تَرِكَة) അഥവാ (അനന്തരസ്വത്ത്). മയ്യിത്തിന്റെ അനന്തരസ്വത്തുമായി നാല് അവകാശങ്ങൾ ബന്ധപ്പെടുന്നു.

*ഒന്ന്) ജനാസ സംസ്‌കരണ ചെലവുകൾ:* കഫൻതുണി, സുഗന്ധദ്രവ്യം എന്നിവയുടെ വില, മറവ് ചെയ്യുവാനും കുളിപ്പിക്കുവാനുമുള്ള കൂലി തുടങ്ങിയവ.

*രണ്ട്) കടബാധ്യതകൾ:* സകാത്ത്, ഫിത്‌ർ സകാത്ത്, കഫ്ഫാറത്ത്, നേർച്ച തുടങ്ങിയ, അല്ലാഹുവിനോടുള്ള ബാധ്യതകൾ മുന്തിപ്പിക്കപ്പെടും. ശേഷം മനുഷ്യരുടെ കടങ്ങൾ.

*മൂന്ന്) വസ്വിയ്യത്തുകൾ നടപ്പിലാക്കുക:* ആകെ സ്വത്തിന്റെ മൂന്നിലൊന്നിന്റെ പരിധിയിലോ അതിൽ താഴെയോ ആയിരിക്കണമെന്ന നിബന്ധനയോടെയാണിത് നടപ്പിലാക്കുക.

*നാല്) ഇർസ്:* ശേഷിക്കുന്ന സ്വത്ത് പരേതന്റെ അനന്തരാവകാശികൾക്കിടയിൽ മതചിട്ടയനുസരിച്ച് വീതിക്കപ്പെടും.

മരണപ്പെട്ടവന്റെ സ്വത്ത് അവന്റെ കാലശേഷം ജീവിച്ചിരിക്കുന്നവനിലേക്ക്, വിശുദ്ധക്വുർആനിലും തിരുസുന്നത്തിലും വന്നതിനനുസരിച്ച് നീങ്ങുന്നതിനാണ് ഇർസ് എന്നു പറയുന്നത്.

തരികത്തുമായി ചിലപ്പോൾ പരേതന്റെ ജീവിതാവസ്ഥയിൽതന്നെ മറ്റുള്ളവർക്കുള്ള അവകാശങ്ങൾ ബന്ധപ്പെട്ടെന്നിരിക്കും. വസ്തുവകയായുള്ള അവകാശങ്ങളത്രെ അത്. ചരക്ക് സ്വീകരിച്ചതിൽ വ്യാപാരിക്കുള്ള അവകാശവും പണയ വസ്തുവിൽ പണയക്കാരനുള്ള അവകാശവും പോലെ. മയ്യിത്തിന്റെ ജനാസ സംസ്‌കരണ ചെലവുകളെക്കാൾ ഈ അവകാശം മുന്തിപ്പിക്കേണ്ടതാണ്. തരികത്താകുന്നതിനു മുമ്പുതന്നെ ഈ അവകാശങ്ങൾ മയ്യിത്തിന്റെ സ്വത്തുമായി ബന്ധപ്പെടുന്നതിനാലാണത്.

**അനന്തരാവകാശ കാരണങ്ങൾ**

അനന്തരാവകാശിയാകുന്നതിന്റെ കാരണങ്ങൾ മൂന്നാകുന്നു:

ഒന്ന്: വിവാഹബന്ധം. വലിയ്യിന്റെയും രണ്ടു സാക്ഷികളുടെയും സാന്നിധ്യത്തിലുള്ള സാധുവായ വൈവാഹിക ഉടമ്പടിയാണത്. ദമ്പതികൾക്കിടയിൽ ലൈംഗിക ബന്ധവും ഒഴിഞ്ഞിരിക്കലും സംഭവിച്ചില്ലെങ്കിലും ശരി. വിശുദ്ധ ഖുർആൻ വചനത്തിന്റെ പൊതുതാൽപര്യമറിയിക്കുന്നത് അതാണ്: "നിങ്ങളുടെ ഭാര്യമാർ വിട്ടേച്ചുപോയ ധനത്തിന്റെ പകുതി നിങ്ങൾക്കാകുന്നു" (ഖുർആൻ 4:12).

രണ്ട്: നസബ് അഥവാ മയ്യിത്തിന്റെ കുടുംബബന്ധം. ഉസ്വൂലും ഫുറൂഉം ഹവാശിയും അത് ഉൾകൊള്ളുന്നു.

ഉസ്വൂൽ: അവർ പിതാക്കളും യഥാർഥ പിതാമഹന്മാരുമാണ്. അവർ ആൺശൃഖലയായി എത്ര മേൽപ്പോട്ടായാലും ശരി.

ഫുറൂഅ്: അവർ മക്കളും ആൺമക്കളുടെ മക്കളുമാണ്. അവർ എത്ര കീഴ്പോട്ടായാലും ശരി.

ഹവാശീ: അവർ സഹോദരങ്ങളും അവരുടെ മക്കളുമാണ്; അവർ എത്ര കീഴ്പോട്ടായാലും ശരി. പിതൃസഹോദരന്മാരുമാണ്; അവർ എത്ര മേൽപ്പോട്ടായാലും ശരി. പിതൃസഹോദരങ്ങളുടെ മക്കളുമാണ്; അവർ എത്ര കീഴ്പോട്ടായാലും ശരി.

മൂന്ന്: വലാഅ്. വിമോചിതനായ അടിമയോട് യജമാനനുള്ള ബന്ധമാണത്. അടിമക്ക് മോചനമേകിക്കൊണ്ട് യജമാനൻ ചെയ്ത അനുഗ്രഹമാണതിന്റെ കാരണം. അടിമ യജമാനനെ അനന്തരമെടുക്കുകയില്ല എന്നതിൽ ഏകാഭിപ്രായമുണ്ട്. ആയതിനാൽ അനന്തരമെടുക്കുന്നതിന്റെ കാരണങ്ങൾ മൂന്നിൽ പരിമിതപ്പെടുന്നു. നസബ്, സ്വഹീഹായ നികാഹ്, വലാഅ് എന്നിവയാണത്.

നിഷിദ്ധവും ബോധപൂർവവുമായ കൊലപാതകം അനന്തരസ്വത്ത് നിഷേധിക്കുന്ന കാര്യങ്ങളിൽ പെട്ടതാണെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ട്. അനന്തരാവകാശി അനന്തരമെടുക്കപ്പെടുന്നവനെ അന്യായമായി കൊന്നാൽ ഘാതകൻ അനന്തരമെടുക്കുകയില്ല. തിരുനബി(സ്വ) പറഞ്ഞു: "കൊന്നവന് (കൊല്ലപ്പെട്ടവന്റെ) അനന്തരസ്വത്തിൽ യാതൊരു അവകാശവുമില്ല."

**3. അനന്തരാവകാശത്തെ തടയുന്ന കാര്യങ്ങൾ**

അനന്തരമെടുക്കുന്നതിനെ നിഷേധിക്കുന്ന കാര്യങ്ങൾ മൂന്നാകുന്നു. അവ താഴെ കൊടുക്കുന്നു:

1. വധം: നിഷിദ്ധവും ബോധപൂർവവുമായ കൊലപാതകം അനന്തരസ്വത്ത് നിഷേധിക്കുന്ന കാര്യങ്ങളിൽ പെട്ടതാണെന്നതിൽ പണ്ഡിതന്മാർ ഏകോപിച്ചിട്ടുണ്ട്. അനന്തരാവകാശി അനന്തരമെടുക്കപ്പെടുന്നവനെ അന്യായമായി കൊന്നാൽ ഘാതകൻ അനന്തരമെടുക്കുകയില്ല. തിരുനബി(സ്വ) പറഞ്ഞു: "കൊന്നവന് (കൊല്ലപ്പെട്ടവന്റെ) അനന്തരസ്വത്തിൽ യാതൊരു അവകാശവുമില്ല."

2.അനന്തരമെടുക്കപ്പെടുന്നവന്റെയും അനന്തരാവകാശിയുടെയും മതപരമായ ഭിന്നത. അത് അനന്തരസ്വത്തിൽനിന്ന് തടയും. തിരുനബി(സ്വ) പറഞ്ഞു: "കാഫിർ മുസ്‌ലിമിനെയോ മുസ്‌ലിം കാഫിറിനെയോ സ്വത്തിൽ അനന്തരമെടുക്കുകയില്ല."

**അനന്തരാവകാശികൾ**

അവകാശികൾ രണ്ടു തരക്കാരാകുന്നു; പുരുഷവർഗവും സ്ത്രീവർഗവും. പുരുഷന്മാരിൽ അവകാശികൾ പത്തുപേരാകുന്നു:

1,2. മകൻ, മകന്റെ മകൻ: ഈ ക്രമത്തിൽ എത്രയും കീഴ്പോട്ട്.

അല്ലാഹു പറഞ്ഞു: "നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് നിർദേശം നൽകു ന്നു; ആണിന് രണ്ട് പെണ്ണിന്റെതിന് തുല്യമായ ഓഹരിയാണുള്ളത്" (ഖുർആൻ 4:11).

3,4. പിതാവ്, പിതാവിന്റെ പിതാവ്: ഈ ക്രമത്തിൽ എത്രയും മേൽപോട്ട്. പ്രപിതാവ്, പിതാമഹന്റെ പിതാവ് തുടങ്ങി യഥാർഥ പിതാമഹന്മാർ. അല്ലാഹു പറഞ്ഞു: "മരിച്ചയാൾക്കു സന്താനമുണ്ടെങ്കിൽ അയാളുടെ മാതാപിതാക്കളിൽ ഓരോരുത്തർക്കും അയാൾ വിട്ടേച്ചുപോയ സ്വത്തിന്റെ ആറിലൊന്നുവീതം ഉണ്ടായിരിക്കുന്നതാണ്" (ഖുർആൻ 4:11).

5.സഹോദരങ്ങൾ: അവർ ഏതു നിലയ്ക്കായാലും ശരി. മാതാപിതാക്കളിലൊത്ത സഹോദര

നായാലും (പൂർണ സഹോദരൻ) പിതാവിലൊത്ത സഹോദരനായാലും മാതാവിലൊത്ത സഹോദരനായാലും ശരി. അല്ലാഹു പറഞ്ഞു:

"അതായത് ഒരാൾ മരിച്ചു; അയാൾക്ക് സന്താനമില്ല; ഒരു സഹോദരിയുണ്ട്. എങ്കിൽ അയാൾ വിട്ടേച്ചു പോയതിന്റെ പകുതി അവൾക്കുള്ളതാണ്. ഇനി (സഹോദരി മരിക്കുകയും) അവൾക്ക് സന്താനമില്ലാതിരിക്കുകയുമാണെങ്കിൽ സഹോദരൻ അവളുടെ (പൂർണ) അവകാശിയായിരിക്കും" (ക്വുർആൻ 4:176).

അനന്തരമെടുക്കുന്ന പുരുഷനോ സ്ത്രീയോ പിതാവും മക്കളുമില്ലാത്ത ആളായിരിക്കുകയും അയാൾക്ക് (മാതാവൊത്ത) ഒരു സഹോദരനോ സഹോദരിയോ ഉണ്ടായിരിക്കുകയുംചെയ്താൽ അവരിൽ (ആ സഹോദരസഹോദരിമാരിൽ) ഓരോരുത്തർക്കും ആറിൽ ഒരംശം ലഭിക്കുന്നതാണ്" (ക്വുർആൻ 4:12).

6. പൂർണ സഹോദര പുത്രൻ, പിതാവിലൊത്ത സഹോദരപുത്രൻ: എന്നാൽ മാതാവിലൊത്ത സഹോദരപുത്രൻ അനന്തരമെടുക്കുകയില്ല. കാരണം അവൻ ദവുൽഅർഹാമാണ് (ഓഹരി നിശ്ചയിക്കാത്തവരും അസ്വബക്കാരല്ലാത്തവരുമായ ബന്ധുക്കൾ).

7, 8. ഉറ്റ പിതൃവ്യൻ, പിതാവിലൊത്ത പിതൃവ്യൻ, ഉറ്റ പിതൃവ്യപുത്രൻ, പിതാവിലൊത്ത പിതൃവ്യപുത്രൻ: എന്നാൽ മാതാവിലൊത്ത പിതൃവ്യപുത്രൻ ദവുൽഅർഹാമിൽ പെട്ടതാകയാൽ അവൻ അനന്തരമെടുക്കുകയില്ല.

9. ഭർത്താവ്: അല്ലാഹു പറഞ്ഞു: "നിങ്ങളുടെ ഭാര്യമാർ വിട്ടേച്ചുപോയ ധനത്തിന്റെ പകുതി നിങ്ങൾക്കാകുന്നു" (ക്വുർആൻ 4:12).

### സ്ത്രീകളിൽ അനന്തരാവകാശികൾ ഏഴുപേരാകുന്നു:

1,2. മകൾ, മകന്റെ മകൾ: ഈ ക്രമത്തിൽ അവളുടെ പിതാവ് എത്ര കീഴ്പോട്ടായാലും ശരി. അല്ലാഹു പറഞ്ഞു: "നിങ്ങളുടെ സന്താനങ്ങളുടെ കാര്യത്തിൽ അല്ലാഹു നിങ്ങൾക്ക് നിർദേശം നൽകുന്നു; ആണിന് രണ്ട് പെണ്ണിന്റെതിന് തുല്യമായ ഓഹരിയാണുള്ളത്. ഇനി രണ്ടിലധികം പെൺമക്കളാണുള്ളതെങ്കിൽ (മരിച്ച ആൾ) വിട്ടേച്ചുപോയ സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗമാണ് അവർക്കുള്ളത്. ഒരു മകൾ മാത്രമാണെങ്കിൽ അവൾക്ക് പകുതിയാണുള്ളത്" (ക്വുർആൻ 4:11).

3. മാതാവ്: അല്ലാഹു പറഞ്ഞു: "മരിച്ച ആൾക്കു സന്താനമുണ്ടെങ്കിൽ അയാളുടെ മാതാപിതാക്കളിൽ ഓരോരുത്തർക്കും അയാൾ വിട്ടേച്ചുപോയ സ്വത്തിന്റെ ആറിലൊന്നുവീതം ഉണ്ടായിരിക്കുന്നതാണ്. ഇനി അയാൾക്ക് സന്താനമില്ലാതിരിക്കുകയും മാതാപിതാക്കൾ അയാളുടെ അനന്തരാവകാശികളായിരിക്കുകയുമാണെങ്കിൽ അയാളുടെ മാതാവിന് മൂന്നിലൊരു ഭാഗം ഉണ്ടായിരിക്കും. ഇനി അയാൾക്ക് സഹോദരങ്ങളു ണ്ടായിരുന്നാൽ അയാളുടെ മാതാവിന് ആറിലൊന്നുണ്ടായിരിക്കും" (ക്വുർആൻ 4:11).

4. ജദ്ദഃ (പിതാമഹി, മാതാമഹി): അവർക്ക് തിരുനബി(സ്വ) ആറിലൊന്ന് സ്വത്തുവിഹിതം നിശ്ചയിച്ചു. ബുറയ്ദ(റ)യിൽനിന്നുള്ള ഹദീസിൽ ഇപ്രകാരമുണ്ട്:

"തിരുനബി(സ്വ) (പരേതന്) മാതാവ് ജീവിച്ചിരിക്കുന്നില്ലെങ്കിൽ ജദ്ദഃക്ക്(മാതാവിന്റെ മാതാവിന്) ആറിലൊന്ന് സ്വത്ത് നിശ്ചയിച്ചു." അപ്പോൾ പിതാമഹിയും മാതാമഹിയും അനന്തരമെടുക്കും; മാതാവ് ഉണ്ടാകുവാൻ പാടില്ലെന്ന നിബന്ധനയോടെ.

5. സഹോദരി.: പൂർണസഹോദരി, പിതാവിലൊത്ത സഹോദരി, മാതാവിലൊത്ത സഹോദരി എന്നിങ്ങനെ ഏതു നിലയ്ക്കാണെങ്കിലും ശരി. അല്ലാഹു പറഞ്ഞു: "അനന്തരമെടുക്കുന്ന പുരുഷനോ സ്ത്രീയോ പിതാവും മക്കളുമില്ലാത്ത ആളായിരിക്കുകയും അയാൾക്ക് (മാതാവൊത്ത) ഒരു സഹോദരനോ സഹോദരിയോ ഉണ്ടായിരിക്കുകയും ചെയ്താൽ അവരിൽ (ആ സഹോദരസഹോദരിമാരിൽ) ഓരോ രുത്തർക്കും ആറിൽ ഒരംശം ലഭിക്കുന്നതാണ്" (ക്വുർആൻ 4:12).

"അതായത് ഒരാൾ മരിച്ചു; അയാൾക്ക് സന്താനമില്ല; ഒരു സഹോദരിയുണ്ട്. എങ്കിൽ അയാൾ വിട്ടേച്ചു പോയതിന്റെ പകുതി അവൾക്കുള്ളതാണ്" (ക്വുർആൻ 4:176).


"ഇനി രണ്ട് സഹോദരികളാണുള്ളതെങ്കിൽ, അവൻ (സഹോദരൻ) വിട്ടേച്ചുപോയ സ്വത്തിന്റെ മൂന്നിൽ രണ്ടു ഭാഗം അവർക്കുള്ളതാണ്" (ക്വുർആൻ 4:176).

6. ഭാര്യ: അല്ലാഹു പറഞ്ഞു: "നിങ്ങൾ വിട്ടേച്ചുപോയ ധനത്തിൽനിന്ന് നാലിലൊന്നാണ് അവർക്ക് (ഭാര്യമാർക്ക്) ഉള്ളത്" (ക്വുർആൻ 4:12).

*(അവസാനിച്ചില്ല)*

*(അവലംബം: ഒരു സംഘം പണ്ഡിതന്മാർ രചിച്ച 'അൽഫിക്വ്ഹുൽ മുയസ്സർ ഫീ ദൗഇൽ കിതാബി വസ്സുന്ന' എന്ന ഗ്രന്ഥം)*

നിയാല ബിൻത് സുബൈർ




# അകക്കണ്ണു തുറപ്പിച്ച 'സൊല്യൂഷൻ'

വിസ്ഡം സ്റ്റുഡന്റ്സിന്റെ കേരള വിദ്യാർഥി സമ്മേളനത്തോടനുബന്ധിച്ച് നടന്ന 'സൊല്യൂഷൻ' കാണാൻ പുറപ്പെട്ടപ്പോൾ മനസ്സിലുണ്ടായിരുന്നത് മുൻകാലങ്ങളിൽ നടന്ന എക്സിബിഷനുകളെക്കുറിച്ചുള്ള ഒരു ചിത്രമായിരുന്നു. എന്നാൽ ഹാളിനകത്തേക്ക് പ്രവേശിച്ചപ്പോഴാണ് അത് കേവലമൊരു പ്രദർശനമല്ലെന്നും ഒരു അനുഭവമാണെന്നും വ്യക്തമായത്.

എന്റെ ഓർമയിൽ എന്നന്നേക്കുമായി പതിഞ്ഞ, മനസ്സിലേക്ക് ആഴ്ന്നിറങ്ങിയ ഒരു അനുഭവത്തിലേക്കാണ് ഞാൻ ചെന്നുകയറിയത്- അന്ധരുടെ ലോകത്തിലൂടെ ഒരു യാത്ര. സഹായക ഒരു കണ്ണട എനിക്ക് തന്നു. എന്നെ ഇരുട്ടുള്ള വഴിയിലേക്ക് നയിച്ചു. ഇരുട്ടു പൊതുവെ പേടിയുള്ള എനിക്ക് അവിടെ വായു നിശ്ചലമാവുന്നത് പോലെ തോന്നി. ഓരോ ശബ്ദവും വർധിച്ചു വരുന്നു. അദൃശ്യ സാന്നിധ്യം പോലെ ദൂരെയുള്ള വാഹനങ്ങളുടെ മുഴക്കം എന്റെ സിരകളിൽ വിറയൽ സൃഷ്ടിച്ചു. ഗൈഡിന്റെ സൗമ്യമായ ശബ്ദത്തിലുള്ള വാക്കുകളാൽ ഉള്ളിൽ ഉജ്ജ്വലമായ ചിത്രങ്ങൾ വരച്ച് ആ നീണ്ട ഇരുണ്ട വഴിയിലൂടെ നടന്നു.

'നമ്മൾ ഒരു വനത്തിലേക്ക് പ്രവേശിക്കുകയാണ്' അവർ പറഞ്ഞു.

'ട്രെയിൻ കടന്നുപോയതിന് ശേഷം നമ്മൾ ഒരു റെയിൽവേ ട്രാക്ക് മുറിച്ച് കടക്കും.' മുന്നിൽ നിൽക്കുന്ന ഇത്തയുടെ തോളിൽ കൈവച്ചു ഞാൻ ട്രെയിൻ വരുന്നത് കാത്തുനിന്നു. തീവണ്ടിയുടെ ഇടിമുഴക്കമുള്ള ശബ്ദം ഹൃദയത്തെ നടുക്കി. അതിന്റെ ശബ്ദ എഫക്ടുകളും എന്റെ പാദങ്ങൾക്ക് താഴെയുള്ള പ്രകമ്പനങ്ങളും വളരെ യാഥാർഥ്യമായി തോന്നി. ഒരു വിലാപ നിശ്വാസം പോലെ കാറ്റിന്റെ കുത്തൊഴുക്കും എനിക്ക് അനുഭവിക്കാൻ കഴിഞ്ഞു.

ഗൈഡ് ട്രാക്ക് മുറിച്ച് കടക്കാനുള്ള സിഗ്നൽ നൽകിയപ്പോൾ, തണുത്ത ലോഹ പ്രതലത്തിൽ എന്റെ നഗ്നപാദങ്ങൾ മടിച്ചുനിന്നു. ശരിക്കും ഒരു റെയിൽവേ ട്രാക്കിൽ സഞ്ചരിക്കുന്നതായി എനിക്ക് തോന്നി. ട്രാക്കുകൾക്കപ്പുറം ഭൂപ്രദേശം; പുല്ലും കല്ലും മണലും നിറഞ്ഞത്! ഓരോ ചുവടും ഒരു പുതിയ ടെക്സ്ചർ വെളിപ്പെടുത്തി. ബോധനത്തിന്റെ ചെറിയ കഷ്ണങ്ങൾ പോലെ ചെറിയ കല്ലുകൾ എന്റെ സോക്സിലൂടെ തുളച്ചുകയറി.

ആ ഇരുട്ടിൽ കാഴ്ചയുടെയും ശബ്ദത്തിന്റെയും സൂക്ഷ്മതകൾക്ക് കീഴടങ്ങാൻ ഞാൻ നിർബന്ധിതയായി. ഒരു വിസ്മയകരമായ അനുഭവമായിരുന്നു അത്. ഞാൻ വളരെക്കാലം നിസ്സാരമായി കരുതിയിരുന്ന അനുഗ്രഹങ്ങളുടെ വലിപ്പവും മഹത്ത്വവും അതെന്നെ ബോധ്യപ്പെടുത്തി. ഗൈഡ് വാചാലമായി ചൂണ്ടിക്കാണിച്ചത് പോലെ; 'നിങ്ങളുടെ നാഥൻ നിങ്ങൾക്ക് കാഴ്ച നൽകി, എളുപ്പത്തിൽ സഞ്ചരിക്കാൻ അനുവദിക്കുന്ന ഒരു സമ്മാനം.' ആ വാക്കുകളിലെ സത്യം മനസ്സിലാക്കിയപ്പോൾ എന്റെ കണ്ണുകൾ നിറഞ്ഞു.

യാത്ര അവസാനിച്ചു; വീണ്ടും വെളിച്ചം എന്നെ വലയം ചെയ്തു. എന്റെ മുഖത്ത് കണ്ണുനീർ ചാലിട്ടത് ഞാനറിഞ്ഞു. അല്ലാഹുവിൽ നിന്നുള്ള സ്നേഹത്തിന്റെയും കരുതലിന്റെയും നൂലുകൾകൊണ്ട് നെയ്ത അനുഗ്രഹങ്ങളുടെ ക്യാൻവാസാണ് എന്റെ ജീവിതമെന്ന് ആ നിമിഷം ഞാൻ മനസ്സിലാക്കി. ഞാൻ കാണപ്പെടുന്നു, ഞാൻ സ്നേഹിക്കപ്പെടുന്നു, ഞാൻ നയിക്കപ്പെടുന്നു...!

ഈ സമർഥമായ സജ്ജീകരണത്തിന് പിന്നിലെ സൂത്രധാരൻമാർക്ക് അതിരുകളില്ലാത്ത അനുഗ്രഹങ്ങൾക്കായി പ്രാർഥിക്കുന്നു, ഹൃദയംഗമമായ അഭിനന്ദനങ്ങൾ അറിയിക്കുന്നു. നിങ്ങളുടെ സർഗാത്മകത ഇനിയും പ്രബോധനവഴിയിൽ ഉജ്ജ്വലമായി നിലനിൽക്കട്ടെ. ■

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

# സൂറതുലുക്വ്മാൻ

(മക്കയിൽ അവതരിച്ചത്)

അധ്യായം 31

وَإِذَا غَشِيَهُم مَّوْجٌ كَالظُّلَلِ دَعَوُا اللَّهَ مُخْلِصِينَ
لَهُ الدِّينَ فَلَمَّا نَجَّاهُمْ إِلَى الْبَرِّ فَمِنْهُم مُّقْتَصِدٌ
ۚ وَمَا يَجْحَدُ بِآيَاتِنَا إِلَّا كُلُّ خَتَّارٍ كَفُورٍ ﴿٣٢﴾

32. പർവതങ്ങൾ പോലുള്ള തിരമാല അവരെ മൂടിക്കളഞ്ഞാൽ കീഴ്വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവനോട് അവർ പ്രാർഥിക്കുന്നതാണ്. എന്നാൽ അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തുമ്പോളോ അവരിൽ ചിലർ മാത്രം മര്യാദ പാലിക്കുന്നവരായിരിക്കും. പരമവഞ്ചകൻമാരും നന്ദികെട്ടവരും ആരെല്ലാമോ, അവർ മാത്രമെ നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിക്കുകയുള്ളൂ.

يَا أَيُّهَا النَّاسُ اتَّقُوا رَبَّكُمْ وَاخْشَوْا يَوْمًا لَّا
يَجْزِي وَالِدٌ عَن وَلَدِهِ وَلَا مَوْلُودٌ هُوَ جَازٍ عَن
وَالِدِهِ شَيْئًا ۚ إِنَّ وَعْدَ اللَّهِ حَقٌّ ۖ فَلَا تَغُرَّنَّكُمُ
الْحَيَاةُ الدُّنْيَا وَلَا يَغُرَّنَّكُم بِاللَّهِ الْغَرُورُ ﴿٣٣﴾

33. മനുഷ്യരേ, നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ സൂക്ഷിക്കുക. ഒരു പിതാവും തന്റെ സന്താനത്തിന് പ്രയോജനം ചെയ്യാത്ത, ഒരു സന്തതിയും പിതാവിന് ഒട്ടും പ്രയോജനകാരിയാവാത്ത ഒരു ദിവസത്തെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുക. തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു. അതിനാൽ ഐഹിക ജീവിതം നിങ്ങളെ വഞ്ചിച്ചുകളയാതിരിക്കട്ടെ. പരമവഞ്ചകനായ പിശാചും അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിച്ചുകളയാതിരിക്കട്ടെ.

إِنَّ اللَّهَ عِندَهُ عِلْمُ السَّاعَةِ وَيُنَزِّلُ الْغَيْثَ
وَيَعْلَمُ مَا فِي الْأَرْحَامِ ۖ وَمَا تَدْرِي نَفْسٌ مَّاذَا
تَكْسِبُ غَدًا ۖ وَمَا تَدْرِي نَفْسٌ بِأَيِّ أَرْضٍ
تَمُوتُ ۚ إِنَّ اللَّهَ عَلِيمٌ خَبِيرٌ ﴿٣٤﴾

34. തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെപ്പറ്റിയുള്ള അറിവ്. അവൻ മഴപെയ്യിക്കുന്നു. ഗർഭാശയത്തിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു. നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ഒരാളും അറിയുകയില്ല. താൻ ഏത് നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളും അറിയുകയില്ല. തീർച്ചയായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു.

32) മനുഷ്യർ കടലിലൂടെ സഞ്ചരിക്കുമ്പോൾ തിരമാലകൾ മേലാപ്പുപോലെ അവരുടെ മേൽ ആഞ്ഞടിക്കുമ്പോൾ അവർ അല്ലാഹുവിനെ മാത്രം ആത്മാർഥമായി വിളിക്കുന്നു. (എന്നാൽ അവരെ അവൻ കരയിലേക്ക് രക്ഷപ്പെടുത്തുമ്പോൾ) അവർ രണ്ടു വിഭാഗമായി തിരിയും. (അവരിൽ) ചിലർ (മിതത്വം പാലിക്കുന്നവരായിരിക്കും) അതായത് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് ശരിയായി നന്ദി കാണിക്കുന്നില്ല. അവർ സ്വയം തെറ്റ് ചെയ്യുകയും ചെയ്യുന്നു.

മറ്റൊരു കൂട്ടർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് നന്ദികേട് കാണിക്കുകയും ആ അനുഗ്രഹത്തെ നിഷേധിക്കുകയും ചെയ്യുന്നു. അതാണ് അല്ലാഹു പറഞ്ഞത്: (പരമവഞ്ചകരും നന്ദികെട്ടവരും ആരെല്ലാമോ അവർ മാത്രമെ നമ്മുടെ ദൃഷ്ടാന്തങ്ങൾ നിഷേധിക്കുകയുള്ളൂ) അവരുടെ വഞ്ചന എന്നത് കടലിലെ പ്രയാസത്തിൽനിന്ന് രക്ഷിച്ചാൽ ഞങ്ങൾ നന്ദിയുള്ളവരാകാം എന്ന കരാർ ലംഘിക്കുന്നു എന്നതാണ്. ഇവർ വഞ്ചന കാണിച്ചു. കരാർ പാലിച്ചില്ല. അതോടൊപ്പം (നന്ദികെട്ടവൻ) അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക്. ഇത്തരം കഠിനമായ പ്രയാസങ്ങളിൽനിന്ന് അല്ലാഹു അവരെ രക്ഷപ്പെടുത്തിയിട്ട് പൂർണ നന്ദികാണിക്കാതിരിക്കുന്നത് അവർക്ക് യോജിച്ചതാണോ?

33) അല്ലാഹു അവനെ സൂക്ഷിക്കാൻ ജനങ്ങളോട് കൽപിക്കുന്നു. തക്വ എന്നത് അവന്റെ കൽപനകൾ പാലിക്കലും അവന്റെ വിരോധങ്ങളെ ഉപേക്ഷിക്കലുമാണ്. ഉയിർത്തെഴുന്നേൽപിന്റെ നാളിനെ ഭയപ്പെടാനും അവൻ അവരെ ഓർമിപ്പിക്കുന്നു. തന്നെയല്ലാതെ മറ്റാരെയും ശ്രദ്ധിക്കാത്ത ദിവസം. (ഒരു പിതാവും തന്റെ സന്താനത്തിന് പ്രയോജനം ചെയ്യാത്ത, ഒരു സന്തതിയും തന്റെ പിതാവിന് ഒട്ടും പ്രയോജനകാരിയാവാത്ത ഒരു ദിവസത്തെ നിങ്ങൾ ഭയപ്പെടുകയും ചെയ്യുക) നന്മ വർധിപ്പിച്ച് കൊടുക്കാനോ തിന്മകൾ കുറച്ച് കൊടുക്കാനോ കഴിയില്ല. എല്ലാവരുടെയും കർമങ്ങൾ തീരുമാനിക്കപ്പെടുകയും ആ കർമങ്ങൾക്കുള്ള പ്രതിഫലം ലഭിക്കുകയും ചെയ്യും.

ഈ സുപ്രധാന ദിവസത്തിലേക്ക് അല്ലാഹു നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. അതുവഴി തന്റെ ദാസന് ശക്തി പകരുകയും അല്ലാഹുവിനെ സൂക്ഷിക്കൽ അവന് എളുപ്പമാക്കുകയും ചെയ്യുന്നു. ഇത് തന്റെ അടിമകളോടുള്ള കരുണയാണ്. അവനെ ഭയപ്പെടാൻ അവരോട് അവൻ നിർദേശിക്കുന്നു. അതിലാണ് അവരുടെ സൗഭാഗ്യം. അതിനവർക്ക് പ്രതിഫലവും വാഗ്ദാനം ചെയ്യുന്നു. ശിക്ഷയെക്കുറിച്ച് താക്കീത് ചെയ്യുകയും ചെയ്യുന്നു. ഉപദേശങ്ങളിലൂടെയും താക്കീതുകളിലൂടെയും അവരെ പ്രചോദിപ്പിക്കുന്നു. ലോക നാഥാ, നിനക്ക് സ്തുതി.

(തീർച്ചയായും അല്ലാഹുവിന്റെ വാഗ്ദാനം സത്യമാകുന്നു) അതിനാൽ അതിൽ സംശയിക്കരുത്. വിശ്വസിക്കാത്തവരെപ്പോലെ പ്രവർത്തിക്കരുത്. അതാണ് അല്ലാഹു പറഞ്ഞത്: (അതിനാൽ ഐഹികജീവിതം നിങ്ങളെ വഞ്ചിച്ചുകളയാതിരിക്കട്ടെ) അതിന്റെ അലങ്കാരങ്ങളും ആകർഷണങ്ങളും. അതിലെ പ്രചോദനങ്ങളും പരീക്ഷണ

وَعَدَ ٱللَّهُ ٱلَّذِينَ ءَامَنُوا۟ مِنكُمْ وَعَمِلُوا۟ ٱلصَّٰلِحَٰتِ لَيَسْتَخْلِفَنَّهُمْ فِى ٱلْأَرْضِ
كَمَا ٱسْتَخْلَفَ ٱلَّذِينَ مِن قَبْلِهِمْ وَلَيُمَكِّنَنَّ لَهُمْ دِينَهُمُ ٱلَّذِى ٱرْتَضَىٰ
لَهُمْ وَلَيُبَدِّلَنَّهُم مِّنۢ بَعْدِ خَوْفِهِمْ أَمْنًا ۚ يَعْبُدُونَنِى لَا يُشْرِكُونَ بِى شَيْـًٔا ۚ
وَمَن كَفَرَ بَعْدَ ذَٰلِكَ فَأُو۟لَٰٓئِكَ هُمُ ٱلْفَٰسِقُونَ

നിങ്ങളിൽനിന്ന് വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരോട് അല്ലാഹു വാഗ്ദാനം ചെയ്തിരിക്കുന്നു; അവരുടെ മുമ്പുള്ളവർക്ക് പ്രാതിനിധ്യം നൽകിയത് പോലെത്തന്നെ തീർച്ചയായും ഭൂമിയിൽ അവൻ അവർക്ക് പ്രാതിനിധ്യം നൽകുകയും, അവർക്ക് അവൻ തൃപ്തിപ്പെട്ട് കൊടുത്ത അവരുടെ മതത്തിൻെറ കാര്യത്തിൽ അവർക്ക് അവൻ സ്വാധീനം നൽകുകയും, അവരുടെ ഭയപ്പാടിന് ശേഷം അവർക്ക് നിർഭയത്വം പകരം നൽകുകയും ചെയ്യുന്നതാണെന്ന്. എന്നെയായിരിക്കും അവർ ആരാധിക്കുന്നത്. എന്നോട് യാതൊന്നും അവർ പങ്കുചേർക്കുകയില്ല. അതിന് ശേഷം ആരെങ്കിലും നന്ദികേട് കാണിക്കുന്നപക്ഷം അവർ തന്നെയാകുന്നു ധിക്കാരികൾ"

-(വിശുദ്ധ ക്വുർആൻ 24:55).

ങ്ങളും.

(പരമവഞ്ചകനായ പിശാച് അല്ലാഹുവിന്റെ കാര്യത്തിൽ നിങ്ങളെ വഞ്ചിക്കാതിരിക്കട്ടെ) ഇത് എപ്പോഴും മനുഷ്യനെ വഞ്ചിക്കാൻ ശ്രമിക്കുന്ന ശൈത്വാനെ സൂചിപ്പിക്കുന്നു. ഒരു സമയത്തും അവനെക്കുറിച്ച് അശ്രദ്ധനായിക്കൂടാ. അല്ലാഹുവിന് അവന്റെ അടിമകളുടെ മേൽ ബാധ്യതയുണ്ട്. അവരുടെ പ്രവർത്തനങ്ങൾക്ക് പ്രതിഫലം നൽകുന്ന ഒരു നിശ്ചിത സമയം അവൻ നിശ്ചയിച്ചിട്ടുണ്ട്; അവർ അവനോടുള്ള കടമ നിർവഹിച്ചുവോ ഇല്ലയോ എന്ന്. അവൻ വളരെ പ്രാധാന്യത്തോടെ കാണേണ്ട ഒരു കാര്യമാണിത്. അത് തന്നെ മുന്നിൽ നിർത്തിയാകണം അവന്റെ പ്രവർത്തനങ്ങൾ മുഴുവനും. പരിശ്രമങ്ങളാകുന്ന അവന്റെ കച്ചവടത്തിന്റെ മൂലധനമാണ് ഈ വിശ്വാസം.

പ്രലോഭിപ്പിക്കുന്ന ഈ ലോകവും അവനോട് മന്ത്രിക്കുകയും അവനെ തെറ്റിദ്ധരിപ്പിക്കാൻ ശ്രമിക്കുകയും ചെയ്യുന്ന ശൈത്വാനുമാണ് അവൻ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രതിബന്ധം. അതു കൊണ്ടുതന്നെ അല്ലാഹു തന്റെ ദാസന്മാരെ ഇഹലോകത്താൽ വഞ്ചനയിൽ അകപ്പെടുന്നതിനെയും കൊടിയവഞ്ചകനായ പിശാച് അല്ലാഹുവിന്റെ കാര്യത്തിൽ നട ത്തുന്ന വഞ്ചനയിൽ അകപ്പെടുന്നതിനെ യും നിരോധിച്ചു.

يَعِدُهُمْ وَيُمَنِّيهِمْ ۖ وَمَا يَعِدُهُمُ الشَّيْطَانُ إِلَّا غُرُورًا

"അവൻ അവർക്ക് വാഗ്ദാനങ്ങൾ നൽകുകയും അവരെ വ്യാമോഹിപ്പിക്കുകയും ചെയ്യുന്നു. പിശാച് അവർക്ക് നൽകുന്ന വാഗ്ദാനം വഞ്ചനയല്ലാതെ മറ്റൊന്നുമല്ല" (4:120).

34) അല്ലാഹുവിന് ദൃശ്യവും അദൃശ്യവും പ്രത്യക്ഷമായതും മറഞ്ഞിരിക്കുന്നതുമെല്ലാം അറിയും എന്നതാണ് ഇവിടെ സ്ഥാപിക്കുന്നത്. അല്ലാഹു അദൃശ്യമായ പല കാര്യങ്ങളും തന്റെ അടിമകളെ അറിയിച്ചേക്കാം. എന്നാൽ ഈ അഞ്ച് കാര്യങ്ങൾ അവൻ ആരെയും അറിയിക്കാതെ അവൻ തടഞ്ഞുവെച്ച കാര്യങ്ങളാണ്. അത് പ്രവാചകന്മാർക്കോ അല്ലാഹുവിനോട് അടുപ്പമുള്ള ഏതെങ്കിലും മലക്കുകൾക്കോ അറിയില്ല. (തീർച്ചയായും അല്ലാഹുവിന്റെ പക്കലാണ് അന്ത്യസമയത്തെക്കുറിച്ചുള്ള അറിവ്) അത് എപ്പോൾ സംഭവിക്കുമെന്ന് അവന് മാത്രമെ അറിയൂ. അവൻ മറ്റൊരിടത്ത് പറയുന്നു:

يَسْأَلُونَكَ عَنِ السَّاعَةِ أَيَّانَ مُرْسَاهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ رَبِّي ۖ لَا يُجَلِّيهَا لِوَقْتِهَا إِلَّا هُوَ ۚ ثَقُلَتْ فِي السَّمَاوَاتِ وَالْأَرْضِ ۚ لَا تَأْتِيكُمْ إِلَّا بَغْتَةً ۗ يَسْأَلُونَكَ كَأَنَّكَ حَفِيٌّ عَنْهَا ۖ قُلْ إِنَّمَا عِلْمُهَا عِندَ اللَّهِ وَلَٰكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ ﴿١٨٧﴾

"അന്ത്യസമയത്തെപ്പറ്റി അവർ നിന്നോട് ചോദിക്കുന്നു: അതെപ്പോഴാണ് വന്നെത്തുന്നതെന്ന്. പറയുക: അതിനെപ്പറ്റിയുള്ള അറിവ് എന്റെ രക്ഷിതാവിങ്കൽ മാത്രമാണ്. അതിന്റെ സമയത്ത് അത് വെളിപ്പെടുത്തുന്നത് അവൻ മാത്രമാകുന്നു. ആകാശങ്ങളിലും ഭൂമിയിലും അത് ഭാരിച്ചതായിരിക്കുന്നു. പെട്ടെന്നല്ലാതെ അത് നിങ്ങൾക്ക് വരികയില്ല (7:187).

(അവൻ മഴ പെയ്യിക്കുന്നു) അവനാണ് മഴ പെയ്യിക്കുന്നത്. അത് പെയ്യുന്ന സമയം അവനറിയും. (ഗർഭാശയങ്ങളിലുള്ളത് അവൻ അറിയുകയും ചെയ്യുന്നു) കാരണം ഗർഭാശയത്തിലുള്ളത് സൃഷ്ടിച്ചത് അവനാണ്. അത് എന്താണെന്ന് അവനറിയാം. അത് ആണോ പെണ്ണോ എന്നും അറിയാം. അതുകൊണ്ട് ഗർഭാശയത്തിന്റെ ചുമതലയുള്ള മലക്ക് തന്റെ നാഥനോട് ചോദിക്കും: അത് ആണോ പെണ്ണോ എന്ന്? അപ്പോൾ അല്ലാഹു അവൻ ഉദ്ദേശിച്ചതു പോലെ വിധിക്കും. (നാളെ താൻ എന്താണ് പ്രവർത്തിക്കുക എന്ന് ആർക്കും അറിയില്ല) മതപരമായോ ലൗകികമായോ എന്ത് നേടുമെന്ന്.

(താൻ ഏതു നാട്ടിൽ വെച്ചാണ് മരിക്കുക എന്നും ഒരാളുമറിയില്ല) അത് മുഴുവൻ അറിയുന്നവൻ അല്ലാഹു മാത്രം. ഈ കാര്യങ്ങളെ പ്രത്യേകം എടുത്ത് പറഞ്ഞെങ്കിലും എല്ലാ വസ്തുക്കളിലും അവന്റെ അറിവുണ്ട്. തീർച്ചയായും (അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞാനിയുമാകുന്നു) അവൻ എല്ലാ കാര്യങ്ങളും അറിയുന്നു; രഹസ്യവും പരസ്യവും ഉള്ളും പുറവും. അടിമകളിൽ നിന്നും ഈ അഞ്ച് കാര്യങ്ങൾ മറച്ചുവെച്ചു എന്നത് അല്ലാഹുവിന്റെ ഒരു ഹിക്മത്ത് ആണ്. ചിന്തിക്കുന്നവർക്ക് വേഗത്തിൽ മനസ്സിലാകുന്ന കുറെ നന്മകൾ അതിലുണ്ട്.

*സൂറതു ലുക്മാനിന്റെ വ്യാഖ്യാനം അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൂർത്തിയായി.*

ശാനിദ ബിൻത് അഹ്മദ്
ഈങ്ങാപ്പുഴ



# ഇതോ പരിഷ്ക്കാരം?

പുതുതലമുറക്കിടയിൽ;
അല്ല, എല്ലാ പ്രായക്കാർക്കുമിടയിൽ
അരുതായ്മകൾ അരങ്ങുവാഴുന്ന
കരളു തകർക്കും കാഴ്ചകൾ!
ഉപദേശം കലർന്ന വാക്കുകളെ
കൈപ്പേറിയതായി കാണുന്ന കൗമാരം!

‘പെണ്ണിന്നിണയായി പെണ്ണാകാം,
ആണിന്നിണയായി ആണുമാകാം’
എന്നൊക്കെ പറയുന്നതാണത്രെ
പരിഷ്ക്കാരത്തിന്റെ അടയാളം!
മഴവിൽ വർണ കൊടിക്കു കീഴിൽ
ആണ് പെണ്ണും പെണ്ണ് ആണുമായി
നാടകം കളിക്കുന്നു!
വൈവാഹിക ജീവിതം
ലിബറലുകളുടെ കണ്ണിൽ അപരിഷ്കൃതം.
ഒന്നിച്ചു ജീവിക്കുവാനെന്തിനീ
ചങ്ങലക്കെട്ടുകളെന്ന ചോദ്യം
പരിഷ്ക്കാരത്തിന്റെ അടയാളമത്രെ!
വകതിരിവൊട്ടുമേ തൊട്ടുതീണ്ടാത്തവർ
ചാടിവീഴുന്നുവാ ചൂണ്ടക്കൊളുത്തിൽ!
ലഹരി സേവിച്ചാലാണത്രെ
കാലത്തിനൊത്ത് ഉയർന്നവനാവുക!
കള്ള് കേരളത്തിന്റെ തനതു പാനീയമാണെന്നു
പറഞ്ഞ് മുക്കിനുമുക്കിനും ഷാപ്പ് തുറക്കാൻ
അനുമതി കൊടുക്കുന്നവർ
ലഹരിക്കെതിരിൽ കാമ്പയിൻ നടത്തുന്നു!
ഇപ്പറഞ്ഞതെല്ലാം തിന്മയാണെന്നു പറയുന്നവർ
അപരിഷ്കൃതരാണത്രെ!



Printed Published & owned by K Sajjad and printed at Sprint Offset Printers Kozhikide-19 & published at Kozhikode-02. Editor: Usman Palakkazhi




നിർമാണ പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഈ നന്മയിൽ താങ്കൾക്കും പങ്കാളിയാകാം.

A/C Name : WISDOM ISLAMIC ORGANIZATION A/C W I C
A/C Number : 924020029882271
IFSC Code : UTIB0001908
BANK : AXIS BANK, Branch : KALLAI ROAD

For more Information:
Phone: 0495 4019437
Mob: +91 9567070031

RNI NO:KERMAL/2015/64152
Registered NO:
KL/CT/225/2025-27

Nerpatham Weekly
Published on 31 May 2025

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2025-27
Price: ₹10/-

جامعة الهند الإسلامية
JAMIA AL-HIND AL-ISLAMIYYA

# ജാമിഅഃ അൽ ഹിന്ദ് അൽ ഇസ്‌ലാമിയ്യ

## കോഴ്സുകൾ

- മഅ്ഹദുല്ലുഗ
  (മദീന ഇസ്‌ലാമിക് യൂണിവേഴ്സിറ്റി സിലബസ്സ് & +1 Humanities)
- കുല്ലിയ്യത്തുൽ ഹദീഥ്
- കുല്ലിയ്യത്തു ശരീഅ
- കുല്ലിയ്യത്തു ദഅ്‌വ
  & BA (Sree Narayana Guru Open University)
- തഖസ്സുസ് (P.G.)

SCAN HERE
TO REGISTER

**മതപഠനത്തോടൊപ്പം**
**+2, Degree, PG തുടങ്ങിയവ കരസ്ഥമാക്കാനുള്ള അവസരം.**

## സവിശേഷതകൾ

- മതപഠനത്തോടൊപ്പം ഭൗതിക വിജ്ഞാനം നേടാനുള്ള അമൂല്യ അവസരം.
- ഇസ്ലാമികാന്തരീക്ഷത്തിലുള്ള ക്യാമ്പസ്, ട്യൂഷൻ, ഭക്ഷണം, താമസ സൗകര്യങ്ങൾ സൗജന്യം.
- വിദ്യാർഥികളുടെ മികവുകൾ ഉയർത്താൻ അവശ്യമായ പരിശീലന കളരികൾ.
- മികവുറ്റ അധ്യാപകർ.

ENROLL NOW →

For More Information Call Us :
9961725725
9605222564